# സ്പന്ദനം

ശാരോൻ റൈറ്റേഴ്സ് ഫോറം പ്രസിദ്ധീകരണം

SHARON WRITERS' FORUM — A Missiological Penmanship

Vol - 10 Issue -07 | Page 9 | JULY 2026 | PRIVATE CIRCULATION ONLY


# ആതുര സേവനത്തിൽ അര നൂറ്റാണ്ട് പിന്നിട്ട് ശാരോൻ ചിൽഡ്രൻസ് ഹോം

**വാർത്ത: അനീഷ് കൊല്ലംകോട്**

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആതുര സേവനത്തിന്റെ അടയാളമായി അര നൂറ്റാണ്ടും കടന്ന് അഭിമാനത്തോടെ നിലകൊള്ളുന്ന കണ്ണൂരിലുള്ള ഡഗ്ലസ് മെമ്മോറിയൽ ശാരോൻ ചിൽഡ്രൻസ് ഹോം 2026 ജൂലൈ 6 ന് ശാരോൻ റൈറ്റേഴ്സ് ഫോറം എക്സിക്യൂട്ടീവ് അംഗങ്ങൾ സന്ദർശിച്ചു.



ആയിരക്കണക്കിന് നിർദ്ധനരായ കുഞ്ഞുങ്ങൾക്ക് അഭയമേകി അവർക്കെല്ലാം അനുഗൃഹീത ഭാവി ഒരുക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച ശാരോൻ ചിൽഡ്രൻസ് ഹോം ശാരോൻ സഭയ്ക്ക് എല്ലാ അർത്ഥത്തിലും ഒരു അഭിമാനമാണ്.

നിർദ്ധനരായ കുഞ്ഞുങ്ങൾക്ക് അഭയം നൽകുന്ന ഒട്ടനവധി ചിൽഡ്രൻസ് ഹോമുകൾ ഇന്ന് കേരളത്തിലുടനീളം ഉള്ളത് അഭിമാനകരമാണ്. അതേസമയം, ആതുര സേവന രംഗത്ത് പെന്തക്കോസ്തുസമൂഹം വളരെ പിന്നിലാണ് എന്ന് പൊതുസമൂഹം ആക്ഷേപമുന്നയിച്ചിരുന്ന കാലത്തും ശാരോൻ ചിൽഡ്രൻസ് ഹോം അനേകം കുഞ്ഞുങ്ങൾക്ക് ആശ്രയകേന്ദ്രമായി നിലകൊണ്ടിരുന്നു എന്നത് ചാരിതാർഥ്യജനകമാണ്.

ശാരോൻ സഭാ സ്ഥാപകൻ പരേതനായ ഡോ. പി. ജെ തോമസ് അവർകളുടെ ദർശനവും പരിശ്രമവുമാണ് ഇന്ന് കാണുന്ന ചിൽഡ്രൻസ് ഹോം. വ്യത്യസ്തങ്ങളായ കഴിവുകൾ ഉള്ളവരും മിടുക്കന്മാരുമായ കുഞ്ഞുങ്ങൾ വലിയ പ്രതീക്ഷകളുമായിട്ടാണ് അവിടെ ആയിരിക്കുന്നത്. കളക്ടർ, ഡോക്ടർ, എഞ്ചിനീയർ, ഫുട്ബോൾ താരം, ടീച്ചർ, പ്രൊഫസർ, ഐ പി എസ് ഓഫീസർ അങ്ങനെ വലിയ പ്രതീക്ഷകൾ ഉള്ള കുഞ്ഞുങ്ങളെയാണ് അവിടെ കണ്ടത്.

ശേഷം പേജ് 3 ൽ

# കുറ്റച്ചരടുകൾ കൊരുക്കുന്നവരും വ്യാപിപ്പിക്കുന്നവരും



സാം റ്റി. മുഖത്തല

**ന്യൂസ് സ്റ്റോറി**

**നി**ഷേധാത്മകം ആയത് കേൾക്കാനും കാണാനും പ്രചരിപ്പിക്കുവാനും മനുഷ്യന്റെ ഉള്ളിലെ വാസന എക്കാലത്തേക്കാളും പാരമ്യത്തിലാണ്. സത്യാനന്തര കാലത്ത് ഏത് കളവും, കുറ്റപ്പെടുത്തലുകളും വേഗത്തിൽ പ്രചരിപ്പിക്കപ്പെടും. കേൾക്കുന്നതും കാണുന്നതും സത്യമാണോ എന്ന് ഒരു നിമിഷം പോലും ചിന്തിക്കാതെ ഷെയർ ചെയ്യപ്പെടുകയാണ്.

ഉദാഹരണം നമ്മുടെ നവമാധ്യമങ്ങളിൽ വേഗത്തിൽ പ്രചരിക്കുന്ന റീൽസുകളുടെ തലക്കെട്ടുകൾ (തംനൈൽ) ശ്രദ്ധിച്ചാൽ മതി. ഉള്ളടക്കവുമായി യാതൊരു ബന്ധവുമില്ലാത്ത തെറ്റായ തലക്കെട്ടുകൾ ഉള്ളതെല്ലാം കാഴ്ചക്കാരേയും, കേൾവിക്കാരേയും വർദ്ധിപ്പിക്കും, വേഗത്തിലാക്കും. സത്യവുമായി പുലബന്ധം പോലുമില്ലാത്തത് പ്രചാരണത്തിൽ മുമ്പിലാണ്. ഇന്നത്തെ പെന്തെക്കൊസ്ത് സമൂഹവും സത്യാനന്തരകാലത്തിലൂടെ കടന്നുപോകുകയാണ്.

ദൈവവചനം മാത്രമാണ് സത്യം. ദൈവവചനം ശരിയായത് കേൾക്കുവാൻ ഇന്ന് ദൈവസഭകളിൽ കേൾവിക്കാർ ഇല്ലാതായി എന്നത് എത്ര ഞെട്ടലോടെയാണ് മനസ്സിലാക്കേണ്ടത്. ദൈവമക്കളുടെ ദൈവവചന കേൾവിയുടെ താല്പര്യവും മാറിയിരിക്കുന്നു.

ഇന്ന് പെന്തെക്കൊസ്തിൽ രണ്ട് തരത്തിലുള്ള പ്രസംഗങ്ങൾ ആണ് ഉള്ളതും, ജനത്തിന് താല്പര്യവും അഭിരുചിയും അതാണ്.

ഒന്ന്; കുറ്റപ്പെടുത്തലുകളുടെ പ്രസംഗം - രണ്ട് ; പ്രചോദനം (മോട്ടിവേഷൻ) പ്രസംഗങ്ങൾ. ഇതിനിടയിൽ ഏത് പ്രസംഗകൻ എത്ര നല്ല ദൈവശാസ്ത്രപരമായ പ്രസംഗങ്ങൾ നടത്തിയാലും ജനത്തിന് ആവശ്യമില്ലാതായി. കേൾവിക്കാർ ഇല്ലാതായി.

ഇന്ന് പെന്തെക്കൊസ്തിന്റെ പ്രസംഗവേദികൾ ഭൂരിപക്ഷവും കുറ്റപ്പെടുത്തലുകളുടെ പ്രസംഗകരാണ്. ഇത്തരക്കാർ ഒരു വാക്യം വായിക്കുന്നു, കുറ്റം പറയാൻ തുടങ്ങും; പാസ്റ്റർമാരെ, പാസ്റ്റർമാരുടെ ഭാര്യമാരെ, സഭാ സെക്രട്ടറിമാരെ, പാട്ടുകാരെ, സഹോദരിമാരേ - അവരുടെ വസ്ത്രധാരണത്തെ, യുവാക്കളെ, യുവജന സംഘടനകളെ, കൃപാവര ശുശ്രൂഷകളെ, പ്രത്യേകിച്ച് എവിടെങ്കിലും ഒരു പ്രവാചകൻ ഉണ്ടെങ്കിൽ അവരെ, സംഘടനാ സംവിധാനത്തെ, എന്നിങ്ങനെ കാണുന്നതെല്ലാം ഇവർക്ക് കുറ്റങ്ങളാണ് പ്രസംഗങ്ങളാണ്.

ഇപ്പോൾ തന്നെ പെന്തെക്കൊസ്തിനെ ശരിയാക്കും എന്ന രീതിയിലാണ് കുറ്റപ്പെടുത്തലുകളുടെ പ്രസംഗം നീളുന്നത്. ഇടക്ക് ഇവർ തന്നെ പറയും; ക്രൂശീകരണം, നിത്യത, യേശുവിന്റെ മടങ്ങിവരവ്, അടിസ്ഥാന ഉപദേശങ്ങൾ' എന്നീ പ്രസംഗ വിഷയങ്ങൾ മറ്റ് പ്രസംഗകർ പ്രസംഗിക്കുന്നില്ലെന്ന്. ഇത്തരക്കാർ പെന്തെക്കൊസ്തിനെ കുറ്റം പറയുന്നത് കേട്ട് മുമ്പിലിരിക്കുന്നവർ കൈ അടിച്ച് പ്രോത്സാഹിപ്പിക്കുകയാണ്.

ഇതര സമൂഹത്തിലുള്ളവർ കേട്ട് ചിരിച്ച് ഷെയർ ചെയ്ത് പ്രോത്സാഹിപ്പിക്കുകയാണ്. ദൈവവചനം ശരിയായി പ്രസംഗിക്കപ്പെടുമ്പോൾ; തിരുത്തലുകൾ സംഭവിക്കുന്നതും, പരിവർത്തനങ്ങൾ ഉണ്ടാകുന്നതും നല്ലതാണ്. ദൈവവചനം കേട്ട് ജനം അനുതപിച്ച് മടങ്ങിവരുന്നതും , കുറ്റപ്പെടുത്തൽ കേട്ടു ജനം ചിരിക്കുന്നതും രണ്ടാണ്.

തിരുവചനം ജനത്തെ രൂപാന്തരപ്പെടുത്തുന്നതാണ്. ലേഖനങ്ങൾ എല്ലാം തന്നെ അതാണ് പഠിപ്പിക്കുന്നത്.

മറ്റുള്ളവരുടെ കുറ്റം കേൾക്കുവാനുള്ള ജനത്തിന്റെ അഭിരുചിയെ ചൂഷണം ചെയ്ത് വേദികൾ ഇത്തരക്കാർ കൈയടക്കുകയാണ്. സഭയ്ക്കകത്ത് പറയേണ്ടത് പോലും പുറത്ത് പൊതുവേദികളിൽ പറഞ്ഞ് പുരമേൽ ഘോഷിക്കുകയാണ്.

ദൈവവചനം ഇല്ലായ്കയാൽ ജനം നശിച്ചുപോകുന്നു. ഇന്ന് പെന്തെക്കൊസ്ത് സമൂഹം മൂല്യച്യുതിയുടെ പാരമ്യത്തിലെത്തിയതിന്റെ കാരണം; ജനത്തെ അനുതാപത്തിലേക്കും, രൂപാന്തരത്തിലേക്കും നയിക്കുന്ന ദൈവവചനം പ്രചാരകർ ഇല്ലാതെ പോയതാണ്.

## സിഇഎം 2026–28 കാലഘട്ട പ്രവർത്തന ഉദ്ഘാടനം നടന്നു

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (സിഇഎം) 2026–28 കാലഘട്ടത്തിലെ പ്രവർത്തന ഉദ്ഘാടനം ജൂലൈ 10 ന് വൈകിട്ട്, 6ന് കൊട്ടാരക്കര തൃക്കണ്ണമംഗൽ ഈസ്റ്റ് ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വച്ച് നടന്നു.

സിഇഎം ജനറൽ കോർഡിനേറ്റർ പാസ്റ്റർ സുമേഷ് സുകുമാരൻ ആമുഖ വാക്കുകൾ പ്രസ്താവിച്ച് യോഗം പ്രാർത്ഥിച്ച് ആരംഭിച്ചു. സിഇഎം ജനറൽ പ്രസിഡന്റ് പാസ്റ്റർ വിൻസെന്റ് മാത്യു യോഗത്തിന് അധ്യക്ഷത വഹിച്ചു.

ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ വി. ജെ. തോമസ് ഉദ്ഘാടനം നിർവഹിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ പി. വി. ചെറിയാൻ വചന സന്ദേശം നൽകി പുതിയ കമ്മിറ്റിയെ സമർപ്പിച്ച് പ്രാർത്ഥിച്ചു. സിഇഎം ജനറൽ സെക്രട്ടറി പാസ്റ്റർ പോൾസൺ വി. എസ്. പ്രവർത്തന പദ്ധതികളുടെ വിശദീകരണം നടത്തി.

എഡിറ്റോറിയൽ



# കപട വേഷങ്ങളെ തൂത്തെറിയുന്ന തൂഫാനായി Gen z മാറുമോ?

അനീഷ് കൊല്ലംകോട്

1997 മുതൽ 2012 വരെ ജനിച്ചവരെയാണ് പൊതുവെ Gen Z (Generation Z)എന്ന് വിളിക്കുന്നത്. ജനനം മുതൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ലോകത്ത് വളർന്ന ഈ തലമുറയെ 'Digital Natives' എന്നും വിശേഷിപ്പിക്കുന്നു. ഇന്റർനെറ്റ്, സ്മാർട്ട്ഫോൺ, സോഷ്യൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ ഇവരുടെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. അതിനാൽ വിവരങ്ങൾ കണ്ടെത്തുന്നതിലും പുതിയ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിലും ഇവർ മുൻതലമുറകളേക്കാൾ വളരെ മുന്നിലാണ്.

Gen Z യുടെ പ്രത്യേകത സാങ്കേതികവിദ്യയല്ല; അവരുടെ മനോഭാവമാണ്. അവർ അന്ധമായി ഒന്നിനെയും സ്വീകരിക്കില്ല. 'എന്തുകൊണ്ട്?', 'എന്തിന്റെ അടിസ്ഥാനത്തിൽ?', 'ഇതിന്റെ ഫലം എന്താണ്?' എന്നിങ്ങനെ ചോദ്യം ചെയ്യുന്ന തലമുറയാണ് അവർ. പാരമ്പര്യത്തെ അവർ എതിർക്കുന്നില്ല; പക്ഷേ പാരമ്പര്യത്തിന് അർത്ഥമുണ്ടോ എന്ന് പരിശോധിക്കുന്നു.

അതുകൊണ്ടാണ് ഈ തലമുറ ജീവിതത്തിന്റെ ഗുണനിലവാരത്തിനും മാനസികാരോഗ്യത്തിനും ജോലിയും വ്യക്തിജീവിതവും തമ്മിലുള്ള സന്തുലിതാവസ്ഥയ്ക്കും കൂടുതൽ പ്രാധാന്യം നൽകുന്നത്. ശമ്പളത്തേക്കാൾ ജീവിതത്തിന്റെ അർത്ഥമാണ് അവർ അന്വേഷിക്കുന്നത്.

അതേസമയം, സോഷ്യൽ മീഡിയയാണ് ഈ തലമുറയുടെ ഏറ്റവും വലിയ ശക്തിയും ഏറ്റവും വലിയ വെല്ലുവിളിയും. അറിവും അവസരങ്ങളും ലോകത്തെ വിരൽത്തുമ്പിൽ എത്തിച്ചെങ്കിലും, സമകാലികരുമായുള്ള താരതമ്യം, ഏകാന്തത, മാനസിക സമ്മർദ്ദം, ആത്മവിശ്വാസക്കുറവ് എന്നിവയും അത് വർധിപ്പിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ മാത്രം കാണുമ്പോൾ സ്വന്തം ജീവിതം അപര്യാപ്തമാണെന്ന തോന്നൽ ഈ തലമുറയിലെ പലരിലും വളരുന്നു എന്നത് ഒരു വസ്തുതയാണ്.

സാമൂഹിക വിഷയങ്ങളിൽ ഏറ്റവും ശക്തമായി പ്രതികരിക്കുന്ന തലമുറയാണ് Gen Z. പരിസ്ഥിതി സംരക്ഷണം, മനുഷ്യാവകാശം, അഴിമതിക്കെതിരായ നിലപാട്, സാമൂഹിക നീതി എന്നിവയിൽ അവർ തുറന്ന അഭിപ്രായം പ്രകടിപ്പിക്കുന്നു. തെറ്റെന്ന് തോന്നുന്ന കാര്യങ്ങൾ ചോദ്യം ചെയ്യാൻ അവർക്ക് മടിയില്ല.

പാരമ്പര്യത്തിന്റെയോ സ്വാധീനത്തിന്റെയോ അടിസ്ഥാനത്തിൽ Gen Z ആരെയും അന്ധമായി പിന്തുടരുന്നില്ല; അവർ പിന്തുടരുന്നത് ആധികാരികതയെയാണ് .

ഉപദേശം കേൾക്കുന്നതിനേക്കാൾ അവർ ജീവിതം കാണാൻ ആഗ്രഹിക്കുന്നു. പ്രസംഗത്തേക്കാൾ മാതൃകയെയും, വാക്കുകളേക്കാൾ പ്രവർത്തിയെയും, സ്ഥാനത്തേക്കാൾ സ്വഭാവത്തെയും അവർ വിലമതിക്കുന്നു.

റിസൾട്ട് ഇല്ലാത്ത രീതികളോട് ഈ തലമുറയ്ക്ക് താൽപര്യമില്ല. ജീവിതത്തിൽ തെളിയിക്കാനാകാത്ത ആശയങ്ങൾ അവരെ സ്വാധീനിക്കില്ല. കാപട്യം അവർ വളരെ വേഗം തിരിച്ചറിയും. അതുകൊണ്ടുതന്നെ ഇന്ന് പല മേഖലകളിലും അധികാരത്തേക്കാൾ വിശ്വാസ്യതയാണ് അവർ അന്വേഷിക്കുന്നത്.

ഇവിടെ മുൻതലമുറ സ്വയം ചോദിക്കേണ്ട ഒരു ചോദ്യം, 'നമ്മൾ Gen Z യെ ഉൾക്കൊള്ളാൻ തയ്യാറാണോ?' എന്നതല്ല, മറിച്ച് 'Gen Z നമ്മെ ഉൾക്കൊള്ളാൻ തയ്യാറാകുന്ന തരത്തിൽ നാം ജീവിക്കുന്നുണ്ടോ?' എന്നതാണ്.

അവർ നമ്മെ അംഗീകരിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ വാക്കുകൾക്കപ്പുറം നമ്മുടെ ജീവിതം സംസാരിക്കണം. ജീവിതത്തിൽ കാണിക്കാനാകാത്ത കേവലം വാക്കുകളിലൊതുങ്ങുന്ന മൂല്യങ്ങൾ അവർ സ്വീകരിക്കില്ല. കപടഭക്തിയും ഇരട്ടത്താപ്പും അധികാരത്തിന്റെ അഹങ്കാരവും അവരുടെ മുന്നിൽ വിലപ്പോവില്ല.

ഇന്നത്തെ ലോകത്ത് സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ മാറ്റങ്ങൾക്ക് Gen Z വലിയ സ്വാധീനം ചെലുത്തിക്കഴിഞ്ഞു. ആത്മീയലോകത്തിനും ഈ തലമുറയുടെ ചോദ്യങ്ങളെ അവഗണിക്കാൻ കഴിയില്ല. Gen Z വിശ്വാസത്തെ തള്ളിക്കളയുന്നില്ല; വിശ്വാസത്തിന്റെ പേരിലുള്ള കാപട്യത്തെയാണ് അവർ ചോദ്യം ചെയ്യുന്നത്.

അതിനാൽ Gen Z സഭയ്ക്കും സമൂഹത്തിനും ഒരു ഭീഷണിയല്ല; ഒരു കണ്ണാടിയാണ്. അവർ മുൻ തലമുറയുടെ ബലഹീനതകൾ തുറന്നുകാട്ടി അവരുടെ ആധികാരികതയെ പരിശോധിക്കുകയും ചെയ്യുന്നു. ഒരുപക്ഷേ, പഴഞ്ചൻ രീതികളെ പൊളിച്ചെഴുതി സത്യസന്ധതയിലേക്കും ഉത്തരവാദിത്തത്തിലേക്കും മുതിർന്നവരെ തിരികെ വിളിക്കാൻ ദൈവം ഉപയോഗിക്കുന്ന ഒരു തലമുറയായിരിക്കാം അവർ.

അതിനാൽ Gen Z യെ മാറ്റാൻ ശ്രമിക്കുന്നതിനുമുമ്പ്, അവർക്ക് മാതൃകയാകുന്ന ജീവിതം നമുക്ക് ഉണ്ടോ എന്ന് പരിശോധിക്കാം. കാരണം ഈ തലമുറ വാക്കുകളെക്കാൾ ജീവിതത്തെയും, ഉപദേശത്തേക്കാൾ സാക്ഷ്യത്തെയും, സ്ഥാനത്തേക്കാൾ സത്യസന്ധതയെയുമാണ് വിശ്വസിക്കുന്നത്.

സത്യവും ധർമ്മവും നീതിയും ന്യായവുമെല്ലാം കാറ്റിൽ പറത്തി ഒന്നുമറിയാത്ത ഭാവത്തിൽ മുന്നോട്ടു പോകുന്ന ആത്മീയ ലോകത്തിലെ കള്ള നാണയങ്ങളെ തൂത്തെറിയുന്ന തൂഫാനായി Gen Z എഴുന്നേറ്റാൽ അതിൽ യാതൊരു അതിശയോക്തിയും വേണ്ട! ഒരു പക്ഷേ അത് സംഭവിക്കേണ്ടത് തന്നെ! അതിന്റെ ലക്ഷണങ്ങളും കണ്ടു തുടങ്ങി! കപട ഭക്തി മാറ്റിവച്ച് മാനസാന്തരപ്പെടുകയല്ലാതെ വേറെ വഴിയില്ല.



# സാത്താനും മാർട്ടിൻ ലൂഥറും

ജെസ്സി കോശി, തിരുവല്ല.

നവീകരണത്തിന് കാരണഭൂതരിൽ പ്രമുഖനാണല്ലോ മാർട്ടിൻ ലൂഥർ. അദ്ദേഹം വേദപുസ്തകത്തിന്റെ വിവർത്തനത്തിലും നവീകരണ പ്രവർത്തനത്തിലും വിശ്രമരഹിതനായി മുഴുകിയിരിക്കുന്ന സമയം അപവാദിയായ സാത്താൻ തന്റെ മുൻപിൽ പ്രത്യക്ഷ്യപ്പെട്ടു. മാത്രമല്ല തന്നെ രൂക്ഷമായി പരിഹസിപ്പാനും തുടങ്ങി... 'അശുദ്ധനെ, മഹാ പാപങ്ങൾ ചെയ്തവനെ, നീയാണോ വിശുദ്ധ വേദപുസ്തകം വിവർത്തനം ചെയ്യുന്നത് ?'

സാത്താന്റെ തന്ത്രം തിരിച്ചറിഞ്ഞ ലൂഥർ ഒരു വലിയ ഷീറ്റ് പേപ്പർ എടുത്ത് സാത്താനോടു പറഞ്ഞു 'എന്നെ കുറിച്ചുള്ള കുറ്റങ്ങൾ എല്ലാം പറഞ്ഞാലും ഞാൻ അതെല്ലാം എഴുതി എടുക്കാം' ഒരു ഷീറ്റ് മുഴുവനും എഴുതി എടുക്കുവാൻ ഉള്ള കുറ്റങ്ങൾ സാത്താൻ പറഞ്ഞു കൊടുത്തു. അതെല്ലാം ലൂഥർ ആ വെള്ള പേപ്പറിൽ രേഖപ്പെടുത്തി. ഒടുവിൽ ആ കടലാസ്സിന് മുകളിൽ ചുമന്ന മഷികൊണ്ട് ഇപ്രകാരം എഴുതി 'യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' സാത്താൻ ലജ്ജിതനായി തന്നെ വിട്ടുപോയി.

ക്രൂശിലേക്ക് നോക്കൂ... വിരോധവും പ്രതികൂലവുമായ കൈയെഴുത്തുകളെ മായിച്ചു ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കിക്കളഞ്ഞു. നമുക്ക് ജയം നൽകുന്ന യേശുവിന്റെ രക്തത്തിൽ പ്രിയരേ നമുക്ക് ജയം ഘോഷിക്കാം (കൊലൊ 2:14).

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരികൾ
പാസ്റ്റർ ജോൺസൺ കെ. സാമുവേൽ
പാസ്റ്റർ എബ്രഹാം ജോസഫ്
പാസ്റ്റർ ജോൺ തോമസ്
പാസ്റ്റർ വി. ജെ. തോമസ്
പാസ്റ്റർ റോയ് ചെറിയാൻ
പാസ്റ്റർ പി. വി. ചെറിയാൻ

ചീഫ് എഡിറ്റർ
പാസ്റ്റർ സാം റ്റി. മുഖത്തല

റൈറ്റേഴ്സ് ഫോറം ലിറ്ററേച്ചർ സെക്രട്ടറി
പാസ്റ്റർ ടൈറ്റസ് ജോൺസൻ

മാനേജിംഗ് എഡിറ്റർ
പാസ്റ്റർ ജെ. പി. വെണ്ണിക്കുളം

എഡിറ്റർ
പാസ്റ്റർ ജോബിസ് ജോസ്

പബ്ലിഷർ
പാസ്റ്റർ അനീഷ് കൊല്ലംകോട്

സബ് എഡിറ്റേഴ്സ്
പാസ്റ്റർ എബ്രഹാം മന്ദമരുതി
പാസ്റ്റർ ബിജു ജോസഫ്
പാസ്റ്റർ കെ. ജെ. ജോബ്
പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ്
പാസ്റ്റർ ഗോഡ്സൻ സി. സണ്ണി



PR. SAMUEL EDISON

# THE WISE AND THE FOOL

What is the difference between the wise and the fool? The wise men mentioned in the Gospel of Matthew were skilled in astrology, able to interpret the positions of the stars (Matthew 2:1-12). Solomon, the wisest of all, was recognized throughout history because he proved his wisdom in both life and career. He excelled above everyone in his time.

But what makes a man a fool? Can we simply call anyone who is not wise a fool? Is there a gradation among the wise-such as wise, wiser, and wisest? The true answer comes from the eternally Wise God, who created the universe and everything in it by His own wisdom.

Jim Elliot, the American missionary and martyr, once said: "He is no fool who gives what he cannot keep to gain what he cannot lose." The one who spends everything for eternal life is truly wise.



The difference between the wise and the fool lies in obedience. The wise man is willing to sacrifice anything and everything to follow the Word of God. As Jesus said in Matthew 7:24: "Therefore whoever hears these sayings of mine, and does them, I will liken him to a wise man who built his house on the rock." But in verse 26: "Everyone who hears these sayings of mine, and does not do them, will be like a foolish man who built his house on the sand." Both men heard the Word of God and both decided to build a house. Yet one ignored the realities ahead, while the other trusted in God's lordship and resolved to obey Scripture.

So, who is wise? It is not the one who merely knows or preaches the Word, but the one who willingly offers his mind, soul, and spirit to live by it. The wise man mortifies the lust of the flesh, the lust of the eyes, and the pride of life, striving for the glorious goal of fulfilling God's will. Sadly, many modern ministers call for "modified lusts" instead of true mortification.

Are you wise enough to live by what God tells you? If so, you cannot live both your own will and God's will. Choose His way.

Be wise, and be blessed.

നുറുങ്ങുകൾ

# എളിയവരെ പരിപാലിക്കുന്നവൻ



ജെ. പി. വെണ്ണിക്കുളം

***അ**വൻ എളിയവനെ പൊടിയിൽ നിന്നു എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്നു ഉയർത്തുകയും ചെയ്തു; പ്രഭുക്കന്മാരോടുകൂടെ, തന്റെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ തന്നേ ഇരുത്തുന്നു* (സങ്കീർത്തനങ്ങൾ113:7,8).

സുവിശേഷം കൊണ്ടുവന്ന മാറ്റങ്ങൾ നിരവധിയാണ്. നരഭോജികൾ നരസ്നേഹികളായി മാറിയിട്ടുണ്ട്, മദ്യപന്മാരും ലഹരിക്ക് അടിമയായവരും മറ്റു അസാന്മാർഗ്ഗിക വഴികളിൽ നടന്നവരും സുവിശേഷത്താൽ ആശ്യൃഷ്ടരായിട്ടുണ്ട്.

ഇവിടെ കാണുന്ന ദരിദ്രന്റെയും കുപ്പയിൽ കിടന്നവന്റെയും അവസ്ഥയും അങ്ങനെ തന്നെ. ഒരുപക്ഷെ, അക്ഷരീകമായി ചിന്തിച്ചാൽ മിസ്രയീമിൽ നിന്നും വിടുതൽ പ്രാപിച്ച ഇസ്രായേലിന്റെ അനുഭവമാണിത്. എന്നാൽ സങ്കീ. 136: 23 പറയുന്നു, 'നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്-അവന്റെ ദയ എന്നേക്കുമുള്ളതു.' യെശയ്യാ 57:15 വായിക്കുക, 'ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു.'

1 ശമൂവേൽ 2:8ൽ ഇങ്ങനെയും വായിക്കുന്നുണ്ടല്ലോ, 'അവൻ ദരിദ്രനെ പൊടിയിൽനിന്നു നിവിർത്തുന്നു; അഗതിയെ കുപ്പയിൽനിന്നു ഉയർത്തുന്നു; പ്രഭുക്കന്മാരോടുകൂടെ ഇരുത്തുവാനും മഹിമാസനം അവകാശമായി നല്കുവാനും തന്നേ. ഭൂധരങ്ങൾ യഹോവെക്കുള്ളവ; ഭൂമണ്ഡലത്തെ അവയുടെ മേൽ വെച്ചിരിക്കുന്നു.'

“

മാറുന്ന മനുഷ്യരിൽ അല്ല മാറാത്ത ക്രിസ്തുവിൽ അഭയം തേടിയാൽ ഒരു നാളും ലജ്ജിച്ചു പോവില്ല എന്ന ഒരു യാഥാർത്ഥ്യം പലപ്പോഴും നാം മറന്നുപോകുന്നതാണു ചില അവസരത്തിൽ നാം വേദനപ്പെട്ടു പോകാൻ കാരണം.

ലൗബി സൂസൻ ബഹറിൻ

1-ാം പേജിൽ നിന്നും

## ആതുര സേവനത്തിൽ ..................ചിൽഡ്രൻസ് ഹോം

അവരോടൊപ്പം ചിലവഴിച്ച മണിക്കൂറുകൾ ഞങ്ങൾക്ക് തികച്ചും അവിസ്മരണീയ അനുഭവമായി.

ചിൽഡ്രൻസ് ഹോമിന്റെ മാനേജരും ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ റോയി ചെറിയാൻ റൈറ്റേഴ്സ് ഫോറം പ്രവർത്തകരെ അനുമോദിച്ചു. ചിൽഡ്രൻസ് ഹോം സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫ് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ക്രമീകരണങ്ങൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

പാസ്റ്റർ സാം റ്റി മുഖത്തല, പാസ്റ്റർ അനീഷ് കൊല്ലംകോട്, പാസ്റ്റർ ജെ. പി വെണ്ണിക്കുളം, പാസ്റ്റർ കെ. ജെ ജോബ്, പാസ്റ്റർ ജോബിസ് ജോസ്, പാസ്റ്റർ ഗോഡ്സൻ സി. സണ്ണി, പാസ്റ്റർ റോബിൻസൻ പാപ്പച്ചൻ എന്നിവർ സന്ദർശനത്തിൽ പങ്കാളികളായി.

## ആത്മീയ വളർച്ചാ ചിന്തകൾ

**1. ദൈവവചനത്തിൽ വേരൂന്നിയ ജീവിതം (സങ്കീർത്തനം 119:105)**

ആത്മീയ വളർച്ചയുടെ അടിസ്ഥാനമാണ് ദൈവവചനം. ബൈബിൾ വായിക്കുക മാത്രമല്ല, അത് ധ്യാനിക്കുകയും ജീവിതത്തിൽ അനുസരിക്കുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ വളർച്ച ഉണ്ടാകുന്നത്. വചനം നമ്മുടെ ചിന്തകളെയും തീരുമാനങ്ങളെയും സ്വഭാവത്തെയും രൂപപ്പെടുത്തുന്നു.

**2. പ്രാർത്ഥനയിലൂടെ ദൈവവുമായി നിരന്തര കൂട്ടായ്മ (1 തെസ്സലൊനീക്യർ 5:17)**

പ്രാർത്ഥന ദൈവത്തോട് ആവശ്യങ്ങൾ പറയുന്നത് മാത്രമല്ല; അത് ദൈവവുമായി ബന്ധം ആഴപ്പെടുത്തുന്ന മാർഗമാണ്. സ്ഥിരമായ പ്രാർത്ഥന ആത്മീയ ശക്തിയും സമാധാനവും വിവേകവും നൽകുന്നു. പ്രാർത്ഥിക്കുന്ന വിശ്വാസി പരീക്ഷകളിൽ ഉറച്ചുനിൽക്കും.

**3. സ്നേഹത്തിലും വിശുദ്ധിയിലും ക്രിസ്തുവിനെപ്പോലെ വളരുക (എഫെസ്യർ 4:15)**

ആത്മീയ വളർച്ച അറിവ് വർധിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല; സ്വഭാവം ക്രിസ്തുവിനെപ്പോലെ മാറുന്നതുമാണ്. വിനയം, ക്ഷമ, വിശുദ്ധി, സ്നേഹം, മറ്റുള്ളവരെ സേവിക്കാനുള്ള മനസ്സ് എന്നിവയിൽ വളരുമ്പോഴാണ് ക്രിസ്തുവിന്റെ രൂപം നമ്മിൽ കൂടുതൽ പ്രകടമാകുന്നത്.

ഫീച്ചർ



**ദർശനത്തെ കൈമുതലാക്കി പാസ്റ്റർ പി. ജെ. തോമസ് (തോമച്ചായൻ) മലബാറിലേക്കുള്ള തന്റെ യാത്ര ആരംഭിക്കുമ്പോൾ, ഒരു സ്വപ്നത്തിന് ചിറകുകൾ മുളയ്ക്കുകയായിരുന്നു. യാത്രാമധ്യേ അദ്ദേഹം കണ്ട വിശപ്പിന്റെ വിലയും അനാഥത്വത്തിന്റെ വേദനയും അദ്ദേഹത്തിന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. കുഞ്ഞുങ്ങളോടുള്ള സവിശേഷമായ സ്നേഹം ആ കാഴ്ചകളെ വെറുമൊരു അനുഭവമായി വിടാതെ, അവരുടെ ജീവിതത്തിന് വെളിച്ചമാകുന്ന ഒരു സ്ഥാപനത്തെക്കുറിച്ചുള്ള ചിന്തയായി രൂപാന്തരപ്പെടുത്തി.**

# ഒരു ദൈവമനുഷ്യന്റെ ദർശന സാക്ഷാത്കാരം

**ചി**ല ദർശനങ്ങൾ മനുഷ്യരുടെ മനസ്സിൽ ഉദിക്കുന്ന ചിന്തകളായി മാത്രം അവശേഷിക്കാറില്ല; അവ തലമുറകളെ സ്പർശിക്കുന്ന ദൈവിക പദ്ധതികളായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെടും. അത്തരമൊരു ദർശനത്തിന്റെ സാക്ഷാൽക്കാരമാണ് ശാരോൻ ചിൽഡ്രൻസ് ഹോം.

ദർശനത്തെ കൈമുതലാക്കി പാസ്റ്റർ പി. ജെ. തോമസ് (തോമച്ചായൻ) മലബാറിലേക്കുള്ള തന്റെ യാത്ര ആരംഭിക്കുമ്പോൾ, ഒരു സ്വപ്നത്തിന് ചിറകുകൾ മുളയ്ക്കുകയായിരുന്നു. യാത്രാമധ്യേ അദ്ദേഹം കണ്ട വിശപ്പിന്റെ വിലയും അനാഥത്വത്തിന്റെ വേദനയും അദ്ദേഹത്തിന്റെ ഹൃദയത്തെ ആഴത്തിൽ സ്പർശിച്ചു. കുഞ്ഞുങ്ങളോടുള്ള സവിശേഷമായ സ്നേഹം ആ കാഴ്ചകളെ വെറുമൊരു അനുഭവമായി വിടാതെ, അവരുടെ ജീവിതത്തിന് വെളിച്ചമാകുന്ന ഒരു സ്ഥാപനത്തെക്കുറിച്ചുള്ള ചിന്തയായി രൂപാന്തരപ്പെടുത്തി.

ആ ദർശനം തന്റെ പ്രിയ സഹധർമ്മിണിയുമായി പങ്കുവെച്ചും ദൈവസന്നിധിയിൽ പ്രാർഥിച്ചും അദ്ദേഹം ഒരു ഉറച്ച തീരുമാനത്തിലെത്തി. ആർദ്രതയുടെ അപ്പോസ്തോലൻ എന്നറിയപ്പെട്ട ശാരോൻ സഭയുടെ സ്ഥാപക പ്രസിഡന്റായ തോമച്ചായന്റെ ജീവിതത്തിലെ ഏറ്റവും മനോഹരമായ പൊൻതൂവലുകളിൽ ഒന്നായി പിന്നീട് മാറിയത് ഈ ചിൽഡ്രൻസ് ഹോമാണ്.

1970-ൽ ആരംഭിച്ച ശാരോൻ ചിൽഡ്രൻസ് ഹോം, സമൂഹത്തിലെ നിർധനരും അനാഥരുമായ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ പുരോഗതി മാത്രമല്ല, അവരുടെ ശാരീരികവും മാനസികവും ആത്മീയവുമായ സമഗ്ര വളർച്ചയും ലക്ഷ്യമാക്കി സ്ഥാപിതമായതാണ്. വർഷങ്ങൾ പിന്നിടുമ്പോൾ, ആയിരക്കണക്കിന് കുഞ്ഞുങ്ങൾ ഈ സ്ഥാപനത്തിന്റെ സ്നേഹച്ചൂടിൽ വളർന്ന് പഠിച്ചിറങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ മാതൃകാപരമായ ജീവിതം നയിക്കുന്നു. സമൂഹത്തിന്റെ നാനാതുറകളിൽ മാന്യമായ സ്ഥാനങ്ങൾ അലങ്കരിക്കുന്ന മുൻ വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിന്റെ അഭിമാന മുദ്രകളാണ്.

കണ്ണൂർ ജില്ലയിൽ ആരംഭിക്കപ്പെട്ട ആദ്യകാല ചിൽഡ്രൻസ് ഹോമുകളിൽ ഒന്നാണ് ഈ സ്ഥാപനം എന്നത് അതിന്റെ ചരിത്രപ്രാധാന്യം വർധിപ്പിക്കുന്നു. കാലം മാറിയപ്പോൾ ചിൽഡ്രൻസ് ഹോമുകളുടെ പ്രവർത്തനത്തിന് നിയമപരമായ നിരവധി നിയന്ത്രണങ്ങളും വെല്ലുവിളികളും ഉയർന്നുവന്നെങ്കിലും, ദൈവകൃപയുടെ കരുതലിൽ ഈ സ്ഥാപനം ഇന്നും അനുഗ്രഹപൂർണമായി മുന്നേറുകയാണ്.




ശാരോൻ റൈറ്റേഴ്സ് ഫോറം ചെയർമാൻ പാസ്റ്റർ സാം റ്റി. മുഖത്തല ചിൽഡ്രൻസ് ഹോം കുഞ്ഞുങ്ങളുമായി സ്നേഹ സംഭാഷണത്തിൽ

ഒരു ദൈവമനുഷ്യന്റെ ഹൃദയത്തിൽ ഉദിച്ച ദർശനത്തിൽ നിന്നാണ് ഈ സ്ഥാപനം ജന്മം കൊണ്ടത്. അതിന്റെ പ്രവർത്തനലക്ഷ്യം ദൈവസന്നിധിയിൽ ശുദ്ധവും നിസ്വാർത്ഥവുമായിരുന്നതിനാൽ തന്നെയാണ് എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് അത്ഭുതകരമായി ഇന്നും നിലനിൽക്കുന്നതെന്ന് വിശ്വസിക്കാം. ശാരോൻ ചിൽഡ്രൻസ് ഹോമിനെ സ്നേഹിക്കുന്ന അനേകരുടെ പ്രാർഥനയും സാമ്പത്തികവും ആത്മീയവുമായ കൈത്താങ്ങും ഈ സ്ഥാപനത്തിന്റെ ശക്തിയാണ്.

ഈ മഹത്തായ സ്ഥാപനം നിലനിൽക്കണമെന്നത് ദൈവത്തിന്റെ പദ്ധതിയാണെന്നും, അതിന് ശാരോൻ ഫെലോഷിപ്പ് ചർച്ച് കൗൺസിലിന്റെ നിർലോഭമായ പിന്തുണയും കരുതലും എന്നും കരുത്തായിരുന്നുവെന്നും പറയാതെ വയ്യ. ജൂവിനൈൽ ജസ്റ്റിസ് (JJ), ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് (DCPU) എന്നിവയുടെ അംഗീകാരത്തോടും പൂർണ നിയന്ത്രണത്തോടും കൂടിയാണ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹീതമായി മുന്നേറുന്നത്.

ശാരോൻ സഭയുടെ നേതൃത്വവും കൗൺസിൽ നിയോഗിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയും സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. നിലവിൽ പതിനഞ്ച് കുട്ടികൾ ഇവിടെ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം നേടുന്നു. കുട്ടികൾക്കൊപ്പം മൂന്ന് സ്റ്റാഫ് അംഗങ്ങളും സ്ഥാപനത്തിൽ താമസിച്ചുകൊണ്ട് അവരുടെ സംരക്ഷണത്തിനും പരിപാലനത്തിനും നേതൃത്വം നൽകുന്നു.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ട്യൂഷൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. സാമൂഹിക ബന്ധങ്ങളും വ്യക്തിത്വവികസനവും പ്രോത്സാഹിപ്പിക്കുന്നതിനായി സാമൂഹ്യ പ്രവർത്തകരുടെ സേവനവും ലഭ്യമാക്കുന്നു. കൂടാതെ എക്സ്ട്രാ കരിക്കുലർ പരിശീലനം, മോട്ടിവേഷൻ ക്ലാസുകൾ, അവയർനസ് ട്രെയിനിംഗ് എന്നിവയിലൂടെ കുട്ടികളുടെ സർവതോമുഖമായ വളർച്ചയ്ക്കാവശ്യമായ എല്ലാ പിന്തുണയും സ്ഥാപനം ഉറപ്പാക്കുന്നു.

രണ്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളാണ് നിലവിൽ ഇവിടെ താമസിച്ച് പഠിക്കുന്നത്. പഠനത്തിൽ മാത്രമല്ല, കലാ-കായിക മേഖലകളിലും മികവ് തെളിയിക്കുന്ന പ്രതിഭകളാണ് ഇവരിൽ പലരും. അവരുടെ ഓരോ നേട്ടവും ഒരിക്കൽ തോമച്ചായന്റെ ഹൃദയത്തിൽ തെളിഞ്ഞ ആ ദർശനത്തിന്റെ തുടർച്ചയായ സാക്ഷ്യങ്ങളാണ്.



**ഗോഡ്സൺ സി. സണ്ണി**

### ഒരു സന്ദർശനം... ഹൃദയത്തിൽ പതിഞ്ഞ ചില ചിത്രങ്ങൾ

ശാരോൻ റൈറ്റേഴ്സ് ഫോറം ജനറൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ശാരോൻ ചിൽഡ്രൻസ് ഹോം സന്ദർശിക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. ഒരു ഔപചാരിക സന്ദർശനമെന്ന നിലയിലാണ് യാത്ര ആരംഭിച്ചതെങ്കിലും, മടങ്ങിവന്നപ്പോൾ ഞങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞുനിന്നത് മറക്കാനാവാത്ത അനുഭവങ്ങളും മായാത്ത ചില ചിത്രങ്ങളുമായിരുന്നു.

പാസ്റ്റർമാരായ സാം ടി. മുഖത്തല, അനീഷ് കൊല്ലംകോട്, ജെ. പി. വെണ്ണിക്കുളം, കെ. ജെ. ജോബ്, ജോബിസ് ജോസ്, ഗോഡ്സൻ സി. സണ്ണി, റോബിൻസൻ പാപ്പച്ചൻ തുടങ്ങിയവർ ഈ സന്ദർശനത്തിൽ പ്രതിനിധികളായി പങ്കെടുത്തു.

ചിൽഡ്രൻസ് ഹോമിലെ കുഞ്ഞുങ്ങളെ നേരിൽ കാണുവാനും, അവരോടൊപ്പം സമയം ചെലവഴിക്കുവാനും, അവരെ പ്രോത്സാഹിപ്പിക്കുവാനും, അവർക്കുവേണ്ടി പ്രാർഥിക്കുവാനും ദൈവം നൽകിയ അവസരം ഞങ്ങൾ വലിയ നന്ദിയോടെ സ്വീകരിച്ചു.

തിങ്കളാഴ്ച വൈകുന്നേരം ഏകദേശം നാല് മണിയോടെ ഞങ്ങൾ സ്ഥാപനത്തിലെത്തി. അവിടെ ഞങ്ങളെ സ്വീകരിച്ചത് വെറും ഒരു സ്ഥാപനമല്ലായിരുന്നു; സ്നേഹത്തിന്റെയും കരുതലിന്റെയും സുരക്ഷിതത്വത്തിന്റെയും ഒരു കുടുംബമായിരുന്നു.



സുജിത്ത് താൻ വരച്ച ചുവർ ചിത്രങ്ങളോടൊപ്പം

കുഞ്ഞുങ്ങളുടെ നിഷ്കളങ്കമായ പുഞ്ചിരിയും സ്നേഹപൂർവമായ സ്വീകരണവും ആദ്യ നിമിഷം തന്നെ ഹൃദയത്തെ സ്പർശിച്ചു. അവരോടൊപ്പം ചെലവഴിച്ച ഓരോ നിമിഷവും ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും ധന്യമായ അനുഭവങ്ങളിലൊന്നായി മാറി.

ഏകദേശം ഒരു മണിക്കൂറോളം നീണ്ട സൗഹൃദസംഭാഷണത്തിനും പ്രാർഥനയ്ക്കും ശേഷം, സ്ഥാപനത്തിന്റെ ഇൻചാർജായ പാസ്റ്റർ ജോമോൻ ജോസഫുമായി ഞങ്ങൾ സ്ഥാപനത്തിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. അപ്പോഴാണ് ഞങ്ങളുടെ ശ്രദ്ധ ചുമരിൽ വിരിഞ്ഞുനിന്ന അതിമനോഹരമായ ഒരു ചിത്രത്തിലേക്ക് പതിഞ്ഞത്. അതിന്റെ ഭംഗിയും നിറങ്ങളുടെ ആവിഷ്കാരവും ഞങ്ങളെ അത്ഭുതപ്പെടുത്തി.

ആ ചിത്രം ആരാണ് വരച്ചതെന്ന ഞങ്ങളുടെ ചോദ്യത്തിന് വലിയ സന്തോഷത്തോടെ പാസ്റ്റർ ജോമോൻ ജോസഫ് മറുപടി പറഞ്ഞു: “നമ്മുടെ സ്ഥാപനത്തിലെ ഒരു മോനാണ് ഈ ചിത്രം വരച്ചത്.”

ആ വാക്കുകൾ ഞങ്ങളുടെ കൗതുകം വർധിപ്പിച്ചു. കൂടുതൽ അന്വേഷിച്ചപ്പോൾ ഒൻപതാം ക്ലാസിൽ പഠിക്കുന്ന സുന്ദരനും വിനയശീലനുമായ സുജിത്തിനെ ഞങ്ങൾക്ക് പരിചയപ്പെടുത്തി. പ്രായത്തെ വെല്ലുന്ന കൈവഴക്കത്തോടെയും ഭാവനയോടെയും ചുമരിൽ ജീവൻ പകർന്ന ആ ചിത്രകാരൻ ഞങ്ങളുടെ മുന്നിൽ നിൽക്കുകയായിരുന്നു.

ഈ പ്രായത്തിൽ ഇത്രയും മനോഹരമായ ചുവർചിത്രം സൃഷ്ടിക്കാൻ കഴിഞ്ഞ സുജിത്ത്, ചിത്രകലയിലെ വലിയ സാധ്യതകളുള്ള ഒരു പ്രതിഭയാണെന്നതിൽ സംശയമില്ല. അവനെ കണ്ടപ്പോൾ ഒരു കാര്യം കൂടി വ്യക്തമായി ഈ സ്ഥാപനം സംരക്ഷിക്കുന്നത് കുഞ്ഞുങ്ങളെ മാത്രമല്ല; ദൈവം അവരിൽ നിക്ഷേപിച്ചിരിക്കുന്ന അനേകം കഴിവുകളെയും സ്വപ്നങ്ങളെയും കൂടിയാണ്. സുജിത്തിനെപ്പോലെ സംഗീതത്തിലും കലകളിലും കായികരംഗത്തും പഠനത്തിലും മികവ് തെളിയിക്കാൻ കഴിവുള്ള ഒട്ടേറെ പ്രതിഭകൾ ആ കൂട്ടത്തിലുണ്ടെന്ന് മനസ്സിലാക്കാൻ അധികസമയം വേണ്ടിവന്നില്ല.

യാത്രയിലുടനീളം ദൈവത്തിന്റെ അദൃശ്യകരം ഞങ്ങളെ നയിക്കുന്നതായി അനുഭവപ്പെട്ടു. പറഞ്ഞറിയിക്കാനാവാത്ത ദൈവീക സാന്നിധ്യവും കരുതലും സുരക്ഷിതത്വവും ഓരോ നിമിഷവും ഞങ്ങളുടെ ഹൃദയത്തെ ആശ്വസിപ്പിച്ചു. ഈ സന്ദർശനം ഒരു പരിപാടി മാത്രമായിരുന്നില്ല; ദൈവം ഒരുക്കിയ ആത്മീയ അനുഭവമായി അത് ഞങ്ങൾക്ക് മാറി.

അവിടെയുണ്ടായിരുന്ന ഓരോ കുഞ്ഞും ഞങ്ങളുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചെങ്കിലും, രണ്ടാം ക്ലാസിൽ പഠിക്കുന്ന ഒരു കുഞ്ഞുമോൻ പ്രത്യേകിച്ച് ഹൃദയത്തിൽ നൊമ്പരമായി മാറി. അവന്റെ നിഷ്കളങ്കമായ പുഞ്ചിരിയും സ്നേഹത്തിനായി കൊതിക്കുന്ന കണ്ണുകളും ഏറെ നേരം മനസ്സിൽ നിറഞ്ഞുനിന്നു. ‘വീണ്ടും വരാം... ചോക്ലേറ്റ്സുമായി വരാം...’ എന്ന ഞങ്ങളുടെ വാക്കുകൾ കേട്ടപ്പോൾ അവന്റെ കണ്ണുകളിൽ വിരിഞ്ഞ സന്തോഷം, ഒരു ചെറിയ സ്നേഹസ്പർശം പോലും ഒരു കുഞ്ഞിന്റെ ലോകത്ത് എത്ര വലിയ പ്രത്യാശയായി മാറുന്നുവെന്നത് ഞങ്ങളെ ഓർമ്മിപ്പിച്ചു.

കുഞ്ഞുങ്ങൾക്ക് ഏറെ ഇഷ്ടപ്പെട്ട ചിക്കൻ ബിരിയാണി അവരോടൊപ്പം ഒരുമിച്ച് കഴിച്ച നിമിഷങ്ങളും ഹൃദയസ്പർശിയായിരുന്നു. അത് ഒരു ഭക്ഷണവേള മാത്രമായിരുന്നില്ല; കുടുംബസ്നേഹത്തിന്റെ മേശയ്ക്ക് ചുറ്റുമിരുന്ന ഒരു അനുഭവമായിരുന്നു. പിരിഞ്ഞുപോകേണ്ട സമയം വന്നപ്പോൾ, ഞങ്ങളുടെ ഹൃദയത്തിലുണ്ടായിരുന്ന വികാരങ്ങൾ എല്ലാം പ്രാർഥനകളായി ദൈവസന്നിധിയിലേക്ക് ഉയർന്നു.

സന്ദർശനത്തിന്റെ ഭാഗമായി കുഞ്ഞുങ്ങൾക്കായി ഒരുക്കിയ കളിപ്പാട്ടങ്ങൾ കൈമാറിയപ്പോൾ അവരുടെ മുഖങ്ങളിൽ വിരിഞ്ഞ സന്തോഷവും കണ്ണുകളിൽ തെളിഞ്ഞ നന്ദിയും വാക്കുകൾക്കതീതമായിരുന്നു. ആ ചെറു സമ്മാനങ്ങൾ അവരുടെ കൈകളിലെത്തിയപ്പോൾ അതിലൂടെ അവർ അനുഭവിച്ച സന്തോഷം ഞങ്ങളുടെ ഹൃദയങ്ങളെയും സമ്പന്നമാക്കി.

ആ നിമിഷങ്ങളിൽ അവിടെയുള്ള ഓരോ കുഞ്ഞിനും നൽകാൻ കഴിഞ്ഞ മാനസിക സന്തോഷത്തിന്റെയും സ്നേഹസ്പർശത്തിന്റെയും പിന്നിൽ ശാരോൻ റൈറ്റേഴ്സ് ഫോറത്തിലെ ഓരോ അംഗത്തിന്റെയും നിസ്വാർത്ഥമായ പങ്കാളിത്തമുണ്ട്. നേരിട്ട് എത്തിച്ചേർന്നവർ മാത്രമല്ല, പ്രാർഥനകൊണ്ടും പിന്തുണകൊണ്ടും ഈ ശുശ്രൂഷയുടെ ഭാഗമായ ഓരോ അംഗവും ആ സന്തോഷത്തിന്റെ പങ്കാളികളാണ്.

ആ ദിവസം ഞങ്ങൾ ചിൽഡ്രൻസ് ഹോമിൽ കണ്ടത് ഒരു കെട്ടിടമല്ല; പ്രത്യാശയുടെ ഒരു ലോകമായിരുന്നു. ഞങ്ങൾ കണ്ടത് വെറും ചുമരിൽ വരച്ച ചിത്രമല്ല; അനേകം കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ദൈവം വരച്ചുകൊണ്ടിരിക്കുന്ന ഭാവിയുടെ മനോഹര ചിത്രമായിരുന്നു. സുജിത്തിന്റെ ചിത്രകല ആ സന്ദർശനത്തിന്റെ ശ്രദ്ധാകേന്ദ്രമായിരുന്നുവെങ്കിലും, യഥാർത്ഥത്തിൽ ഞങ്ങളുടെ ഹൃദയത്തിൽ വരച്ച ചിത്രം ആ കുഞ്ഞുങ്ങളുടെ പുഞ്ചിരിയായിരുന്നു. കാലം മായ്ക്കാൻ കഴിയാത്ത ആ ചിത്രങ്ങൾ ഇന്നും ഞങ്ങളുടെ ഓർമ്മകളിൽ നിറം മങ്ങാതെ നിലകൊള്ളുന്നു.

ഇന്ന് ശാരോൻ ചിൽഡ്രൻസ് ഹോം ഒരു സ്ഥാപനം മാത്രമല്ല; സ്നേഹത്തിന്റെ ഭാഷയിൽ എഴുതപ്പെട്ട ഒരു ചരിത്രം, കരുണയുടെ കൈകളാൽ വളർത്തപ്പെട്ട ഒരു കുടുംബം, പ്രത്യാശ നഷ്ടപ്പെട്ട കുഞ്ഞുങ്ങളുടെ ജീവിതത്തിൽ ദൈവം വരച്ച പുതിയൊരു ചിത്രമാണ്. ഒരു ദൈവമനുഷ്യന്റെ ദർശനത്തിന് കാലം നൽകിയ മനോഹരമായ സാക്ഷാൽക്കാരമായി ഈ സ്ഥാപനം ഇന്നും അനേകം ജീവിതങ്ങൾക്ക് വെളിച്ചം പകരുന്നു.






ശാരോൻ റൈറ്റേഴ്സ് ഫോറം ഭാരവാഹികൾ ചിൽഡ്രൻസ് ഹോം സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫിനൊപ്പം

(കഴിഞ്ഞ ലക്കം തുടർച്ച)

# യേശു ദൈവത്തിന്റെ പ്രിയപുത്രൻ ലോകത്തിന്റെ ദൈവപുത്രൻ



പ്രവീൺ പ്രചോദന

**വ**ളർച്ചയാലും, വലുപ്പത്താലും, സമ്പത്തുകൊണ്ടും ഭൂവിൽ മനുഷ്യർ പരസ്പരം വിലയിരുത്താറുണ്ട്. അവിടെ വിഭാഗീയതകൾ സൃഷ്ടിക്കപ്പെടുകയാണ്. ഭൂരിഭാഗവും ഇവിടെ ഇതൊക്കെതന്നെയാണ് മാനദണ്ഡങ്ങൾ. എന്നാൽ ഇഹത്തിലായാലും, പരത്തിലായാലും വലിയവൻ ഒരുവൻ മാത്രമേയുള്ളു. അവൻ സർവ്വശക്തനായ ദൈവം മാത്രം എന്നുറച്ച സത്യത്തെ അപ്പാടെ അംഗീകരിച്ചേ മതിയാകുള്ളൂ. അതു ഭൂലോകത്തിലെ ഭൂസീമവാസികൾ മാത്രമല്ല, മൂവുലകരും സമ്മതിക്കേണ്ടതായ യഥാർഥ്യമാണ്.

താണനിലത്തെ നീരോടുകയുള്ളു എന്നൊരു ചൊല്ല് എല്ലാവർക്കും സുപരിചിതമാണ്. താഴ്മയുടെ പ്രതിഫലം നിർവ്വചനങ്ങൾക്കുമപ്പുറമാണ്. ചിലരെങ്കിലും പറയുന്നത് നാം കേട്ടിട്ടുണ്ട്, ചിലപ്പോൾ സന്ദർഭവശാൽ സ്വയം ചിന്തിക്കുകയോ മറ്റുള്ളവരോട് പറയുകയോ ചെയ്തിട്ടുണ്ടാകാം 'ഓഹോ അങ്ങനെ താഴ്ന്നു കൊടുക്കേണ്ട ആവശ്യമൊന്നുമില്ല; തിരിച്ചും ഒന്നു താഴ്ന്നു കൊടുത്തു എന്നുവെച്ച് നഷ്ടപെടാനൊന്നുമില്ല.'

വളരെ യഥാർത്ഥ്യമായി താഴ്മയ്ക്കും അനുസരണത്തിനും മാതൃകയാക്കാൻ ഒരുവൻ മാത്രമേയുള്ളു അത് യേശു ക്രിസ്തുവാണ്. (തന്നെത്താൻ താഴ്ത്തി, ക്രൂശിലെ മരണത്തോളം അനുസരണം) ഒറ്റവാക്കിൽ സംഗ്രഹിച്ചാൽ ജനനം മുതൽ മരണം വരെ.

അതുകൊണ്ട് ജീവിതത്തിൽ എവിടൊക്കെയൊ പരാജയം സംഭവിച്ചു എന്നല്ല, സകലത്തിലും പൂർണ്ണജയം വരിച്ചതായ ജയവീരനെയാണ് (ക്രിസ്തുവിനെ) ദർശിക്കാൻ കഴിയുന്നത്. ഒരുവന്റെ ജീവിതത്തിൽ പല ഉയർച്ച താഴ്ച്ചകളും, ജയ പരാജയങ്ങളും സംഭവിക്കാം. അതു സ്വാഭാവികമെന്നോ മനുഷ്യസഹജമെന്നോ പറയാം. എന്നാൽ ദൈവവചനം വ്യക്തമാക്കുന്നത്: ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. അവിടം മുതൽ ജയജീവിതം ആരംഭിക്കുകയാണ്. കാരണഭൂതൻ ദൈവമാണ്.

ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ നേരിടേണ്ടിവന്ന സകല പരീക്ഷകളും ജയിക്കുവാൻ ദൈവാത്മാവിന്റെ സഹായം അനിവാര്യവും, അത്യന്താപേക്ഷിതവുമായിരുന്നു. അർത്ഥാൽ, ജയിക്കേണ്ടവൻ ആത്മാവിനാൽ നയിക്കപ്പെടണം. ആത്മാവിനാൽ നയിക്കപ്പെടുന്നുവെങ്കിൽ ജയം പര്യവസാനത്തിങ്കലല്ല, പരീക്ഷയുടെ അനന്തരത്തിൽ തന്നെ വിജയം ഉറപ്പിക്കപ്പെട്ടു. ആകയാൽ അമാന്തിച്ചു നിൽക്കേണ്ട ആവശ്യമില്ല; നേരിടുക തന്നെ. അതു ശാരീരികമൊ, മാനസീകമോ, ആത്മീകമോ ഏതായാലും. ഭക്ഷണം എപ്പോഴും ഒരു പരീക്ഷണം തന്നെ. അതിപ്പോൾ വിശന്നിരുന്നാലും തിന്നു തൃപ്തിയോടിരുന്നാലും. തോട്ടത്തിലെ എല്ലാ വൃക്ഷഫലങ്ങൾ തിന്നാലും നടുവിലെ വൃക്ഷഫലം തിന്നുക എന്നതൊരു പരീക്ഷണം തന്നെ. എങ്കിൽ പിന്നെ നാൽപതു രാവും പകലും ഉപവസിച്ച ശേഷമുള്ള വിശപ്പ് പറയേണ്ടതുണ്ടോ?! (യേശു മനുഷ്യൻ എന്നുള്ള നിലയിൽ) ദീർഘനാളുകൾ ഉപവാസം അനുഷ്ഠിക്കുന്നവർ പറഞ്ഞു കേട്ടിട്ടുണ്ട്, അനുഭവവുമുണ്ട്: ആദ്യ മൂന്നു നാളുകൾ ഒന്നു താണ്ടികിട്ടിയാൽ പിന്നെ വിശപ്പുതോന്നുകയില്ല; ഭൂരിഭാഗവും ഇതു സമ്മതിക്കാനാണ് സാധ്യത. ആത്മാവിനെ പ്രാപിച്ചനന്തരം (ആത്മീയൻ), പ്രിയപുത്രനെന്ന അംഗീകാരത്തോടും നയിക്കപ്പെടുന്നവൻ 'തീയിൽ കുരുത്തവൻ വെയിലത്തു വാടുന്നതെങ്ങനെ!' മരുഭൂമിയിൽ വാടി തളരുകയല്ല, നാല്പത് നാളുകൾ ഉപവാസത്തോടെ എന്തും നേരിടാൻ ഉറപ്പ് പ്രാപിക്കുകയാണ്. ഇവിടെ വയറു നിറയെ ഭക്ഷണം കഴിച്ചവർ ഒരു ചുവടു സ്വന്തം ആവശ്യത്തിനു പോലും മുന്നോട്ടുവെക്കാൻ ഭാരപ്പെടുമ്പോൾ, ഒരു നേരമെങ്കിലും വയറു നിറക്കാൻ ഒരുപാട് ചുവടുകൾ മുന്നോട്ടു വെക്കുകയും, നെട്ടോട്ടം ഓടുന്നവരും വെളിപ്പെടുത്തുന്ന ചിത്രമാണ്-ഞങ്ങൾ തൃപ്തരല്ല.

അന്നത്തേക്കാൾ അന്നദാതാവിലുള്ള അർപ്പണമാണ് പ്രാധാന്യമർഹിക്കുന്നത്. സങ്കീർത്തനക്കാരന്റെ വർണ്ണനയിൽ 'സകല ജഡത്തിനും ആഹാരം നൽകുന്നവന് സ്തോത്രം ചെയ്യുവിൻ.' അപ്പത്തെക്കാൾ വചനത്തെ രുചിക്കാൻ കൊതിക്കുന്നവർക്ക് സ്തുതിക്കാതിരിക്കാൻ കഴിയില്ല. കാരണം അവർ അവരുടെ വായിലേക്കും വയറിലേക്കും എന്തു ചെല്ലുന്നുവെന്നും, എന്തുകൊള്ളിക്കാമെന്നുമല്ല; ദൈവത്തിന്റെ വായിൽ നിന്നും വരുന്ന വചനത്തിൽ ജീവൻ അർപ്പിച്ചവരാണ്.അവരെ ദൈവത്തിന്റെ 'പ്രിയമക്കൾ' എന്നല്ലാതെ പ്രിയപുത്രൻ എന്നു വിളിച്ച ദൈവപുത്രന്റെ പിതാവായ ദൈവം എന്തു വിളിക്കേണ്ടു!

(തുടരും...)



ജെയ്മോൻ ഏബ്രഹാം




# ഉപ്പ്

**ലൂ**ക്കോസിന്റെ സുവിശേഷം 14:31 അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.ഉപ്പു നല്ലതു തന്നേ; ഉപ്പു കാരമില്ലാതെ പോയാൽ എന്തൊന്നു കൊണ്ടു അതിന്നു രസം വരുത്തും?

വളരെ കുറച്ചു കാര്യങ്ങളെ ജീവിതത്തെ മനോഹരമാക്കുന്നുള്ളൂ. അതിൽ മേന്മയായതും നന്മ ആയതും ശീലിക്കണം. വ്യക്തികൾക്കും കുടുംബങ്ങൾക്കും ദേശങ്ങൾക്കും

തനതായ ശൈലിയും കർത്തവ്യങ്ങളും ഉണ്ട്. അവ നാം മറക്കുമ്പോഴാണ് ജീവിതത്തിന്റെ കാരമില്ലായ്മ വെളിപ്പെടുക. ധാരാളം നന്മ ചെയ്യാനുള്ള അവസരങ്ങൾ ഉണ്ട് നമുക്ക്. ജീവിതത്തെക്കുറിച്ചുള്ള മെച്ചപ്പെട്ടതായ അനുഭവങ്ങളിൽ കൊണ്ടുപോകാനുള്ള തിരഞ്ഞെടുപ്പും വിളിയും. മൂന്ന് കാര്യങ്ങളാണ് ശ്രദ്ധയായി പാലിക്കപ്പെടേണ്ടത്. ഒന്ന് നന്മ ചെയ്ത് കൊണ്ട് കടന്നു പോകുന്നവരെ കുറിച്ചുള്ള ബോധമാണ്. അങ്ങനെ കുറെയധികം മനുഷ്യർ നമുക്കുചുറ്റും, നമുക്കു മുൻപേ ജീവിച്ചിരുന്നതുകൊണ്ടാണ് നാം ഈ ഭൂമിയിൽ ജീവിക്കാൻ ആവുന്നത്. അവർ ശേഷിപ്പിച്ചത് അല്ല അവർ നമുക്കായി കരുതി വച്ചിരുന്നത് അത് നിലങ്ങൾ ആവട്ടെ അവകാശങ്ങൾ ആവട്ടെ എല്ലാം നമുക്കായി അവർ കരുതിയിരുന്നതും അതു മാത്രമല്ല അവർ നമുക്കായി മാറ്റി വയ്ക്കുകയും ചെയ്തിരുന്നു. നമ്മുടെ പ്രശ്നം അവയിൽ ഒന്നും പോലും നിലനിർത്താൻ ആവാതെ പോയി എന്നുള്ളതാണ്. എത്ര ടെക്നോളജികൾ നമുക്കുണ്ട് എന്നിട്ടും ഒന്നും സാധ്യമാവാതെ പോവുകയാണ്. നാം ഉന്നതികളെ ആഗ്രഹിക്കുന്നു. എന്നിട്ടും പ്രശ്നപരിഹാരങ്ങൾ നടക്കുന്നില്ല എന്നതാണ് ഏറ്റവും വലിയ പ്രശ്നം.

രണ്ടാമത്തേത് വികാരപരമായി കാര്യങ്ങളെ കാണുകയും നീക്കുകയും ചെയ്യുന്നു. ശാസ്ത്രീയ വശങ്ങളെ പഠിക്കുമ്പോഴും ദൈവാശ്രയം ഉള്ളവരാകാൻ കഴിയുന്നില്ല എന്നതാണ് ഏറ്റവും അപകടകരമായത്. പഴയനിയമ ഭക്തനായിരിക്കുന്ന ഇയ്യോബിന്റെ വാക്കുകൾ നിനക്കെല്ലാം കഴിയുമെന്നും നിന്റെ ഉദ്ദേശങ്ങൾ ഒന്നും അസാധ്യമല്ല എന്നും ഞാൻ അറിയുന്നു. ദൈവത്തെ കൂടുതൽ അറിയാനും അനുഭവിക്കാനും കഴിയുന്ന വ്യക്തിത്വ വികാസനത്തിന്റെ ആത്മീയത ഇന്നും നാം ശീലിച്ചിട്ടില്ല.

മൂന്നാമത്തേത് തലമുറയ്ക്കായി നമുക്ക് ഒന്നും ശേഷിപ്പിക്കുവാൻ ആവുന്നില്ല എന്നതാണ്. നമ്മുടെ പിറകിലുള്ള തലമുറ അവർ നമുക്കായി ശ്രേഷ്ഠവും നല്ലതും ഒക്കെ കരുതി തന്നു. എന്നാൽ നാം എന്താണ് നമ്മുടെ തലമുറയ്ക്ക് കൊടുക്കുവാൻ പോകുന്നത്. ഉയർന്ന വിദ്യാഭ്യാസം കൊടുക്കുമ്പോഴും നല്ല ജീവിതത്തെക്കുറിച്ച് ബോധം കൊടുക്കാൻ ആവുന്നില്ല. അടുത്ത തലമുറ ഭക്ഷിക്കേണ്ടത് അത് വെള്ളമായാലും ഭക്ഷണമായാലും വായു ആയാലും എല്ലാം വല്ലാതെ വിഷം കലർത്തിയിരിക്കുന്നു. നല്ല അറിവുകൾ നമുക്ക് അവർക്ക് കൊടുക്കാൻ ആവുന്നുണ്ട്. പക്ഷേ അവരുടെ ആരോഗ്യത്തെക്കുറിച്ച് ക്ലാസുകൾ നടക്കുന്നതല്ലാതെ അവർ അനുഭവിക്കുന്നതിനെ വിഷമയം ഇല്ലാതെ ആക്കാൻ ആവുന്നില്ല. ജീവിതം കേവലം യാഥാർത്ഥ്യമാണെന്ന് നാം ഇനി എന്നാണ് പഠിക്കുക? അത്രയും ആഴത്തിൽ നാം ഗ്രഹിക്കേണ്ട ഒന്നിന്റെ പേരാണ് ഉപ്പ്. ലയിക്കുക മാത്രമല്ല വേറിട്ട് നിൽക്കാൻ കഴിയുന്ന വ്യത്യസ്തതയും, രുചി പകർത്താനാവുന്ന വ്യക്തിത്വവും ആത്മീയവും യാന്ത്രികവും സജീവവുമായ ആത്മീയ ജീവിതത്തിന് ഈ നാളുകളിൽ പാകമാകേണ്ട പുതിയ നന്മ നാം കൈവശപ്പെടുത്തണം. കാരമുള്ള പുതുമയുള്ള ഒന്നിനായി ശ്രമിക്കുക. അത് നമ്മുടെ സ്വതന്ത്ര ചിന്തയായി നമുക്ക് സ്വീകരിക്കാം.



# യാമങ്ങളിലൂടെ

## (ഒരു യാത്രയുടെ ചരിത്രാഖ്യാനം)

മനോജ് ഏബ്രഹാം റാന്നി



**അ**സ്തമയ സൂര്യന്റെ അവസാനകിരണവും മാഞ്ഞുതുടങ്ങി എങ്കിലും വഞ്ചി പുറപ്പെടുമ്പോൾ അന്തരീക്ഷം പ്രശാന്തസുന്ദരമായിരുന്നു. ഇരുട്ട് പരന്നു തുടങ്ങിയിരിക്കുന്നു. എങ്കിലും തടാകം ശാന്തമാണ്. അതുവരെ അനുഭവിച്ച പറഞ്ഞറിയിക്കാൻ അനുഭൂതിയിൽ അവർ തങ്ങളെ തന്നെ മറന്നു. അത്ഭുതം കണ്ടതിന്റെ ആലസ്യത്തിൽ നിന്നും അവർ മുക്തരായിരുന്നില്ല. അത് കൊണ്ട് തന്നെയാവാം 'അക്കരയ്ക്ക് പോക' എന്ന ഗുരുനാഥന്റെ തിടുക്കപ്പെട്ടുള്ള നിർദ്ദേശത്തിൽ മറിച്ച് ഒന്നും ചോദിക്കാതെ അവർ പടകിൽ കയറിയത്. ആദ്യ മണിക്കൂറുകൾ ശാന്തസുന്ദരമായ സാഹചര്യവും ഗലീലി തടാകത്തിലെ കുളിർക്കാറ്റും അവർ നന്നായി ആസ്വദിച്ചിരുന്നു. എന്നാൽ ഇരുട്ട് പരന്നു, അപ്രതീക്ഷിതമായി ഉണ്ടായ കാറ്റും കോളും അതുവരെ ഉണ്ടായിരുന്ന അവരുടെ സന്തോഷത്തെ തല്ലിക്കെടുത്തി. പടക് നിയന്ത്രിക്കുവാൻ അവർ നന്നേ പാടുപെട്ടു. സമയം മുന്നോട്ട് പോകും തോറും അവരുടെ പ്രതീക്ഷക്ക് മങ്ങലേറ്റുകൊണ്ടിരുന്നു. ഒന്നാം യാമം അവസാനിച്ചു രണ്ടാം യാമത്തിലേക്ക് പ്രവേശിക്കുമ്പോഴേക്കും ഒരു വിധത്തിലും തങ്ങൾ രക്ഷപ്പെടില്ലെന്ന് അവർക്ക് തോന്നിതുടങ്ങിയിരുന്നു. നാലുപാടും വീശിയടിക്കുന്ന കാറ്റും കറുത്തിരുണ്ട രാത്രിയുടെ ഭീകരതയും അവരെ ശരിക്കും തളർത്തിക്കളഞ്ഞു. ഏകദേശം ഒരു യാമം കൊണ്ട് അതായത് രണ്ടോ മുന്നോ മണിക്കൂർ കൊണ്ട് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരേണ്ട തങ്ങൾ എത്രദൂരം താണ്ടി എന്നോ എങ്ങോട്ടാണ് പടക് പോകുന്നത് എന്നോ തിരിച്ചറിയാൻ കഴിയാതെ അവർ സർവ്വശക്തിയും എടുത്ത് പടക് നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.

അൽപ്പമെങ്കിലും പ്രതീക്ഷക്ക് സാധ്യത ഉണ്ടായിരുന്ന മണിക്കൂറുകൾ പിന്നിട്ട് കഴിഞ്ഞു. അർദ്ധരാത്രിയുടെ ഭീകരതയിൽ ലക്ഷ്യമില്ലാതെ അവർ ഉഴന്നുകൊണ്ടിരുന്നു. ഭയന്ന് വിറച്ച് അവർ പടക് മറിയുകയോ വെള്ളം കയറി മുങ്ങിപ്പോകുകയോ ചെയ്യാതിരിപ്പാൻ ആവോളം അധ്വാനിച്ചു. അസ്ഥികൾ മരവിക്കുന്ന തണുപ്പും കാറ്റും നിറഞ്ഞ ആ അന്തരീക്ഷത്തിലും അവർ നന്നായി വിയർക്കുന്ന അനുഭവം. കഷ്ടതയുടെയും നിരാശയുടെയും മുന്നാം യാമവും അങ്ങനെ അവസാനിച്ചു. പക്ഷെ ഇതുവരെ ആർക്കും അപകടം ഒന്നും ഉണ്ടായിട്ടില്ല. വഞ്ചി മുങ്ങിയിട്ടുമില്ല. അൽപ്പം സമയം മുന്നോട്ട് പോയപ്പോൾ വീശീയടിക്കുന്ന കാറ്റിനെയും ആർത്തലക്കുന്ന ഓളങ്ങളെയും കീറിമുറിച്ചുകൊണ്ട് ഒരു രൂപം നടന്നു വരുന്നത് അവരുടെ കണ്ണിൽ ഉടക്കി. അവർ വീണ്ടും ഭയചകിതരായി. എന്നാൽ ഈ ഓളങ്ങൾക്ക് മീതെ ഉറച്ചകാൽവെയ്പ്പുകളോടെ നടന്നു വരുന്ന മനുഷ്യരൂപം അവരെ ഏറെ അത്ഭുതപ്പെടുത്തി. തങ്ങളുടെ പടകിന് അടുത്തേക്ക് ആ രൂപം എത്തുമ്പോഴേക്കും ഇരുട്ടിന്റെ കാഠിന്യം കുറഞ്ഞു തുടങ്ങിയിരുന്നു. തങ്ങളുടെ നാഥനാണ് അവരുടെ അരികിൽ എത്തിയത് എന്നുള്ള തിരിച്ചറിവ് ആകെ തകർന്നിരുന്ന അവർക്ക് പുതുജീവൻ നൽകി. അവരുടെ ഹൃദയത്തിൽ നിന്നും ഉയർന്നു പൊങ്ങിയ മൃദുസ്പന്ദനം അതൊരോർമ്മപ്പെടുത്തലായിരുന്നു 'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല' 'ഞാൻ നിങ്ങളുടെ അടുക്കൽ വരും.'

ഗുരുനാഥനെ തിരിച്ചറിഞ്ഞവർ സന്തോഷം കൊണ്ട് തുള്ളിച്ചാടി. നീണ്ട മണിക്കൂറുകൾ അവർ അനുഭവിച്ച യാതനകൾ അവർ മറന്നു. എത്രയും വേഗം ഗുരുവിനെ പടകിലേക്ക് കയറ്റാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു. അപ്പോഴേക്കും കിഴക്കേ ചക്രവാളത്തിൽ നിന്നും നേർത്ത വെളിച്ചം കാണായ് വന്നു. അതുവരെ ഇരുട്ടിൽ ഒഴുകി നടന്നവർ ആ മങ്ങിയ വെളിച്ചത്തിന്റെ സഹായത്തോടെ കണ്ടത് അവരെ അത്ഭുതപ്പെടുത്തിക്കളഞ്ഞു. കാരണം രാത്രി മുഴുവൻ പ്രക്ഷുബ്ദമായ തടാകത്തിൽ അലഞ്ഞു തിരിഞ്ഞവർ തുടങ്ങിയിടത്തു നിന്ന് എവിടേക്കാണ് പടക് പോയത് എന്ന് പോലും മനസിലാക്കാൻ കഴിയാതെയിരുന്നവർ ഇപ്പോൾ കാണുന്നത് സുരക്ഷിതമായ ഒരു തീരമാണ്. ദൈവത്തിന്റെ സംരക്ഷണം കാണാൻ കഴിയാതെയിരുന്ന ബാല്യക്കാരന്റെ കണ്ണ് ഏലിശാ പ്രവാചകന്റെ പ്രാർത്ഥനക്ക് മുമ്പിൽ തുറന്ന് അവൻ അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടത് പോലെ അവരുടെ ഗുരുവിന്റെ സാന്നിധ്യം അവർ ശുഭതയുടെ തീരം കാണാൻ അവരുടെ കണ്ണുകൾ തുറപ്പിച്ചു.

തികച്ചും ഫലഭൂയിഷ്ടവും മനോഹരവും 'ഗലീലയുടെ പറുദീസ, രാജകുമാരന്റെ ഉദ്യാനം എന്നൊക്കെ അർത്ഥം വരുന്ന ഗെന്നസരെത്തിലാണ് അവർ എത്തിച്ചേർന്നത്. യേശു അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ച തിബര്യാസ് പ്രദേശത്തു നിന്നും കഫർന്നഹുമിലേക്കാണ് അവർ യാത്ര പുറപ്പെട്ടത്, കർത്താവ് ഏറെ പ്രവർത്തിച്ചതും ഒരുപാട് അത്ഭുതങ്ങൾ ചെയ്തതുമായ പട്ടണമാണ് കഫർന്നഹും എന്നാൽ അധികം ആളുകൾ മാനസാന്തരപ്പെടാൻ തയ്യാറാകാത്ത ഈ പട്ടണത്തെക്കുറിച്ച് യേശു പറഞ്ഞത് നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളത്തോളം താണുപോകും.' എന്നാണ (മത്തായി 11: 23-24, ലൂക്കോസ് 10: 15).

എന്നാൽ ഈ കഫർന്നഹുമിന് പകരം കർത്താവ് അവരെ എത്തിച്ചത് അവിടെ നിന്നും ഏതാണ്ട് 3 മൈലോളം ദൂരത്തുള്ള ഗെന്നസരെത്തിലാണ്. മത്തായി 14:34: അവർ കടൽ കടന്ന് ഗെന്നേസരെത്ത് ദേശത്ത് എത്തി എന്ന് പറയുന്നു. മർക്കോസ് 6:45,53: അവർ ബേത്ത്സയിദക്ക് പോകാൻ യേശു നിർബന്ധിച്ചു എന്നും എന്നാൽ അവർ കടൽ കടന്ന് ഗെന്നേസരെത്ത് ദേശത്ത് എത്തി എന്നാണ് പറയുന്നത് (ബേത്ത്സയിദ തീരം വഴി എന്ന് അനുമാനിക്കാം).

യോഹന്നാൻ 6: 17, 24: അവർ കഫർന്നഹൂമിലേക്ക് പോയി എന്ന് പറയുന്നു. എന്നാൽ അവർ മറുകരയിൽ സുരക്ഷിതരായി എത്തി എന്ന് പറയുന്നു.

ജീവിതത്തിന്റെ പ്രക്ഷുബ്ദമായ അനുഭവങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ഇനി ഒരിക്കലും രക്ഷപ്പെടാൻ സാധ്യത ഇല്ലെന്ന് ചിന്തിച്ചു പോകുമ്പോൾ ഒരു വിധത്തിലും മറുകര എത്താൻ കഴിയില്ലെന്നും ആരും ഇനി രക്ഷപ്പെടുത്താൻ വരില്ലെന്ന് കരുതി നീറുന്ന ഹൃദയവുമായി നിരാശയുടെ അടിത്തട്ടിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ നാം പോലും അറിയാതെ നമ്മുടെ പ്രശ്നങ്ങൾക്ക് നടുവിലൂടെ നമ്മെ മുന്നോട്ട് നയിക്കുന്ന നാഥൻ. എന്നാൽ അവിടുത്തെ സാന്നിധ്യം നിമിത്തം നമ്മുടെ കണ്ണുകൾ തുറക്കുമ്പോൾ മാത്രമേ നാഥൻ നമുക്കുവേണ്ടി ചെയ്തത് കാണാൻ കഴിയൂ...

'നിന്റെ ന്യായപ്രമാണത്തിലെ അത്ഭുതങ്ങളെ കാണേണ്ടതിന് എന്റെ കണ്ണുകളെ തുറക്കേണമേ' (സങ്കി: 119:18). എന്ന് ഭക്തൻ പ്രാർത്ഥിച്ചത് പോലെ നമുക്കും പ്രാർത്ഥിക്കാം 'അങ്ങയുടെ അത്ഭുതപ്രവൃത്തികൾ കാണാൻ എന്റെ കൺകൾ തുറക്കേണമേ.'



എബി മാത്യു, യു എ ഇ

# ആഭരണ വർജ്ജനം ഒരു വിചിന്തനം

ആഭരണ വർജ്ജനം വളരെ ചർച്ചകൾക്ക് വഴി തെളിച്ചുകൊണ്ടിരിക്കുമ്പോൾ, ചിന്തോൽപകമായ ചില കാര്യങ്ങൾ: ആഭരണം ഉപേക്ഷിക്കുന്നത് തീർച്ചയായും ഉത്തമവും ശ്രേഷ്ഠവുമാണ്. അത് ലാളിത്യത്തെയും എളിമയെയും എടുത്തുകാണിക്കുന്നു. കൂടാതെ ദൈവവചനപ്രകാരം, അത് ലൗകിക വേർപാടിന്റെ പ്രകടമായ ഒരു തെളിവുമാണ്

പിതാക്കന്മാരുടെ ആഭരണ വർജ്ജനത്തിന്റെ മുഖ്യകാരണം അവരുടെ ലളിത ജീവിതമായിരുന്നു, ആഭരണം ഒരു കാഴ്ചവസ്തു എന്നതിനുപരി മറ്റൊരു പ്രയോജനവും ഇല്ല എന്ന് അവർ തിരിച്ചറിഞ്ഞു . സകലതും വിട്ടെറിഞ്ഞ് അവർ അറിഞ്ഞ സത്യത്തിനുവേണ്ടി ഇറങ്ങിയപ്പോൾ തങ്ങളുടെ ഉള്ളിലെ ലാളിത്യം അവർ പുറമെയും പ്രകടമാക്കി. സമ്പത്തിന്റെ ദൗർലഭ്യം ഒരുപക്ഷേ ആഭരണം വർജ്ജിക്കുന്നതിനുള്ള മറ്റൊരു കാരണമായിരുന്നിരിക്കാം.

ഉപ്പ് കാരമില്ലാതെ പോയാൽ പിന്നെ അതുകൊണ്ട് എന്ത് പ്രയോജനം എന്ന് കർത്താവ് അരുളിച്ചെയ്തതുപോലെ ആഭരണ വർജനം അതിന്റെ സത്ത നഷ്ടപ്പെടുത്തി പലപ്പോഴും പ്രയോജനമില്ലാതെ നിരർഥകമായി തീരാറുണ്ട്. അതിനുള്ള കാരണം ദൈവവചനം വ്യക്തമാക്കുന്നുമുണ്ട്. ദൈവവചനം പുറമേയുള്ള വേർപാടിനും അകമേയുള്ള വേർപാടിനും തുല്യ പ്രാധാന്യമാണ് നൽകുന്നത്.



ആഭരണ വർജനത്തിന് നാം എടുത്തുപറയുന്ന പ്രധാന വാക്യങ്ങളിൽ ഒന്നാണ് 1 പത്രോസ് 3:3-4: 'നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല; സൗമ്യതയും സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെയായിരിക്കേണം; അത് ദൈവ സന്നിധിയിൽ വിലയേറിയതാകുന്നു.'

എന്നാൽ നാം മൂന്നാം വാക്യത്തിന് കൊടുക്കുന്ന പ്രാധാന്യം നാലാം വാക്യത്തിന് പലപ്പോഴും നാം കൊടുക്കാറില്ല. മൂന്നാം വാക്യം പരസ്യമായ വേർപാടിനെയും നാലാം വാക്യം ഹൃദയത്തിനുള്ളിലെ വേർപാടിനെയും സൂചിപ്പിക്കുന്നു. സൗമ്യതയും സാവധാനതയുമെന്ന ഹൃദയത്തിനുള്ളിലെ വേർപാട് വിലയേറിയതാണ് എന്നത് നാം സൗകര്യപൂർവം മറക്കുന്നു.അതിനു വില കൊടുക്കുന്നവരെ ആഭരണമെന്ന 'പാപം' ചൂണ്ടിക്കാട്ടി പരീശമനോഭാവത്താൽ വിധിക്കാനും നാം മടിക്കുന്നില്ല.

വേറൊരു വചനം, 1 തിമൊഥെയൊസ് 2:9-10 : 'അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം.10 പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകുംവണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രേ അലങ്കരിക്കേണ്ടതു.' പൗലോസ് സൽപ്രവൃത്തി എന്ന അലങ്കാരത്തെ ഇവിടെ എടുത്തു കാണിക്കുന്നു.

പുറമേയുള്ള വേർപാട് പൊതുവെ ശീലം കൊണ്ട് പാലിക്കാൻ എളുപ്പമാണ്, അകമേയുള്ള വേർപാട് സൂക്ഷിക്കാൻ ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്. ഇത് ചിന്തിക്കാൻ പലപ്പോഴും നാം മിനക്കെടാറില്ല. കാരണം, ആഭരണം ഉപേക്ഷിച്ച് നമ്മെത്തന്നെ നീതീകരിക്കുമ്പോൾ, വിലപ്പെട്ടത് നാം വിട്ടുകളയുകയാണ്.

പുറമേയുള്ള വിശുദ്ധിയും വേർപാടും എത്ര പ്രധാനമാണോ, അതിനേക്കാൾ ഏറെ പ്രാധാന്യമുള്ളതാണ് ഹൃദയത്തിന്റെ വിശുദ്ധിയും എളിമയും സൗമ്യതയും. നാം ആഭരണം ഉപേക്ഷിക്കുന്നു എങ്കിൽ നല്ലത്, അതിലുപരി നമ്മുടെ വേർപാട് അകവും പുറവും പൂർണതയുള്ളതായിരിക്കട്ടെ ലാളിത്യമുള്ളതായിരിക്കട്ടെ. അതിനു കഴിയുന്നില്ലെങ്കിൽ മറ്റുള്ളവരെ വിധിക്കാതിരിക്കുക, ഒരു പക്ഷെ അവർ നമ്മളെക്കാളും വിശുദ്ധരും വേർപാട് കാത്തുസൂക്ഷിക്കുന്നവരും ആയിരിക്കും. ആഭരണ വർജ്ജനം വിശുദ്ധിയുടെ അളവുകോലാക്കി സ്വയ നീതികരണത്തിനു ശ്രമിക്കാതെ, ആഭരണം ഉപേക്ഷിച്ചവർ അവരുടെ വ്യക്തിപരമായ പ്രതിഷ്ഠയിൽ ഉറച്ചു നിന്നുകൊണ്ട് സത്യ സുവിശേഷത്തിന്റെ വക്താക്കളായി ക്രിസ്തുവിങ്കലേക്കു, ദൈവവചനത്തിലെ ഉപദേശ സത്യങ്ങളിലേക്കു അനേകരെ നയിക്കുവാൻ ഇടയായി തീരട്ടെ .

# പെന്തെക്കോസ്ത് യുവജന സംഘടനകളോട് ഒരു നിർദ്ദേശം

അനീഷ് കൊല്ലംകോട്

പെന്തക്കോസ്ത് യുവജനങ്ങളെ സംബന്ധിച്ചിടത്തോളം ടാലെന്റ് ടെസ്റ്റുകൾ അവർക്ക് ഒരു ആഘോഷമാണ്. സെക്ഷൻ, സെന്റർ, റീജിയൻ, സ്റ്റേറ്റ്, ജനറൽ തലങ്ങളിലെ ടാലന്റ് ടെസ്റ്റുകൾക്ക് ശേഷം ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന സഭയ്ക്ക് റോളിംഗ് ട്രോഫി നൽകുന്ന രീതി മിക്ക സംഘടനകളിലും നിലവിലുണ്ട്. എന്നാൽ, പ്രായോഗികമായി നോക്കുമ്പോൾ ഈ സംവിധാനം പലപ്പോഴും മത്സരത്തിന്റെ യഥാർത്ഥ നിലവാരത്തേക്കാൾ ഒരു സഭയിൽ നിന്ന് പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ എണ്ണത്തെയാണ് കൂടുതൽ പ്രതിഫലിപ്പിക്കുന്നത്.

ഉദാഹരണത്തിന്, 15 സഭകൾ പങ്കെടുക്കുന്ന ഒരു ടാലന്റ് ടെസ്റ്റിൽ ഒരു സഭയിൽ നിന്ന് 30 പേരും മറ്റൊരു സഭയിൽ നിന്ന് മൂന്നുപേരും മാത്രമാണ് പങ്കെടുക്കുന്നതെങ്കിൽ, സ്വാഭാവികമായും കൂടുതൽ പോയിന്റ് നേടാനുള്ള സാധ്യത ആദ്യ സഭയ്ക്കായിരിക്കും. അങ്ങനെ റോളിംഗ് ട്രോഫി നേടുന്ന സഭയിലെ യുവാക്കൾ സന്തോഷിക്കുന്നതിൽ തെറ്റൊന്നുമില്ല. എന്നാൽ, വളരെ കുറച്ച് മത്സരാർത്ഥികളുള്ള സഭകളുമായി താരതമ്യം ചെയ്യുമ്പോൾ, ഇത് തുല്യ അവസരമുള്ള മത്സരമായി അനുഭവപ്പെടുമോ എന്ന ചോദ്യം ഉയരുന്നു.

ഈ വിഷയം ഞാൻ ശുശ്രൂഷകനായിരിക്കുന്ന സഭയിലെ ചില യുവാക്കൾ ചൂണ്ടിക്കാണിച്ചപ്പോഴാണ് ഇക്കാര്യത്തെപ്പറ്റി ഗൗരവമായി ചിന്തിച്ചത്. മൂന്ന് പേർക്കെതിരെ മത്സരിച്ച് മുപ്പത് പേർ ട്രോഫിയുമായി വിജയാഘോഷം നടത്തുന്ന രീതിയെ ഒരു തരത്തിലും ന്യായീകരിക്കാൻ ആവില്ല.

നമ്മുടെ യുവജനങ്ങൾ സഭയ്ക്ക് പുറത്തുള്ള സുഹൃത്തുക്കളോടൊപ്പം ക്രിക്കറ്റോ ഫുട്ബോളോ പോലുള്ള മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ, നിയമ പ്രകാരമുള്ള എണ്ണം എത്തിയില്ലെങ്കിലും ഇരു ടീമുകളിലും സാധ്യമായത്ര തുല്യമായ അംഗസംഖ്യ ഉറപ്പാക്കിയ ശേഷമാണ് കളി ആരംഭിക്കുന്നത്. നിയമപരമായ മത്സരം മാത്രമല്ല, സാധാരണ സൗഹൃദ മത്സരങ്ങളിൽ പോലും നീതിബോധത്തിനും സമത്വത്തിനും പ്രാധാന്യം നൽകുന്ന ഒരു സമീപനമാണ് അവിടെ കാണുന്നത്.

അങ്ങനെയിരിക്കെ, ആത്മീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നാം, നമ്മുടെ ടാലെന്റ് ടെസ്റ്റുകളിലും നീതിയും സമത്വവും കൂടുതൽ പ്രകടമാക്കേണ്ടവരല്ലേ? അതുകൊണ്ട്, ടാലന്റ് ടെസ്റ്റുകളുടെ നിലവാരം കുറയ്ക്കാതെയും വലിയ സഭകളുടെ പങ്കാളിത്തം നിരുത്സാഹപ്പെടുത്താതെയും, ചെറിയ സഭകൾക്കും തുല്യ അവസരം ലഭിക്കുന്ന തരത്തിലും റോളിംഗ് ട്രോഫി നിർണയിക്കുന്ന രീതിയിൽ കാലോചിതമായ ചില മാറ്റങ്ങൾ പരിഗണിക്കാവുന്നതാണ്.

ഉദാഹരണത്തിന്, പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായ പോയിന്റ് സംവിധാനം, ചെറുതും വലുതുമായ സഭകളെ ചേർത്ത് വിവിധ ടീമുകളാക്കുക, ശതമാനാടിസ്ഥാനത്തിലുള്ള സ്കോറിംഗ്, അല്ലെങ്കിൽ വലിയ സഭകൾക്കും ചെറിയ സഭകൾക്കും പ്രത്യേകം ട്രോഫികൾ എന്നിവ പോലുള്ള മാതൃകകൾ സ്വീകരിക്കാവുന്നതാണ്.

ഇത് ഒരു വിമർശനമല്ല; മറിച്ച്, നമ്മുടെ യുവജന പ്രവർത്തനങ്ങൾ കൂടുതൽ നീതിയുക്തവും പ്രോത്സാഹനപരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമാകണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തിൽ നിന്നുള്ള ഒരു നിർദ്ദേശമാണ്.

എല്ലാ സംഘാടകർക്കും അഭിവാദ്യങ്ങൾ!

# ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ ഗ്രാജുവേഷൻ സർവീസ് നടന്നു




തിരുവല്ല: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷന്റെ നാലാമത് ഗ്രാജുവേഷൻ സർവീസ് ജൂലൈ 14-ന് രാവിലെ 9.00 മണിക്ക് തിരുവല്ല ശാരോൺ ഓഡിറ്റോറിയത്തിൽ നടന്നു. പാസ്റ്റർ ജോസ് ജോർജ്ജിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ പാസ്റ്റർ സിജി ജോൺസൻ പ്രാരംഭ പ്രസ്താവന നടത്തി. സൺഡേസ്കൂൾ അസ്സോസിയേഷൻ ഡയറക്ടർ പാസ്റ്റർ സനു ജോസഫ് സമ്മേളനത്തിൽ അദ്ധ്യക്ഷനായിരുന്നു.

പാസ്റ്റർ രാജീവ് ജി. നേതൃത്വം നല്കിയ പ്രാർത്ഥന സെഷനിൽ പാസ്റ്റർമാരായ വർക്കി വർഗീസ്, ഫിലിപ്പ് ഏബ്രഹാം എന്നിവർ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചു. പാസ്റ്റർ പി. എ. ചാക്കോച്ചൻ സങ്കീർത്തന പാരായണം നടത്തി. ബിരുദ ദാന സമ്മേളനത്തിൽ മുഖ്യ അഥിതിയായി സംബന്ധിച്ച പുനലൂർ ബൈബിൾ കോളജ് പ്രിൻസിപ്പാൾ റവ. ഡോ. ജയിംസ് ജോർജ്ജ് വെൺമണിയെ ഇവാ. എബി ബേബി സദസ്സിനു പരിചയപ്പെടുത്തി. തുടർന്ന് അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തി. സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ കെ ശമുവേൽ, വൈസ് പ്രസിഡന്റ് പാസ്റ്റർ വി ജെ തോമസ്കുട്ടി എന്നിവർ ഗ്രാജുവേറ്റ് ചെയ്ത വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

തുടർന്ന് കുട്ടികൾക്കുള്ള ബിരുദ ദാനം സഭാ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ കെ. ശമുവേൽ അവർകളുടെ നേതൃത്വത്തിൽ നടന്നു. സൺഡേസ്കൂൾ അസ്സോസ്സിയേഷൻ പരീക്ഷാ കൺട്രോളർ മാത്യു വി. ജേക്കബ്, ജനറൽ സെക്രട്ടറി കെ തങ്കച്ചൻ, സഭാ വൈസ് പ്രസിഡന്റ് വി. ജെ. തോമസ്സ്, മുഖ്യാഥിതി ഡോ ജയിംസ് ജോർജ്ജ് വെൺമണി എന്നിവർ ബിരുദ ദാനത്തിൽ പങ്കാളികളായി. 12 ാം ക്ലാസ്സ് പരീക്ഷയിലെ സ്റ്റേറ്റ് റാങ്ക് ജേതാക്കളെയും നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റിയിൽ നിന്നും കംപ്യൂട്ടർ സയൻസിൽ പിഎച്ച്ഡി നേടിയ സൺഡേസ്കൂൾ അസ്സോസിയേഷൻ ട്രഷറാർ ഡോ. റോഷി തോമസിനേയും സമ്മേളനത്തിൽ അനുമോദിച്ചു. പാസ്റ്റർ സാം റ്റി. മുഖത്തല ശാരോൻ റൈറ്റേഴ്സ് ഫോറത്തെ പ്രതിനിധീകരിച്ച് ആശംസ അറിയിച്ചു.

## ലഹരിക്കെതിരെയുള്ള 'തൂഫാൻ' ക്യാമ്പയിനിൽ പെന്തെക്കോസ്തു സഭകൾ പങ്കാളികളാകണം: ഗ്ലോബൽ മീഡിയ അസോസിയേഷൻ

കോട്ടയം: സമൂഹത്തിൽ വർധിച്ചുവരുന്ന ലഹരി വിപത്തിനെതിരെ കേരള സർക്കാർ നടപ്പിലാക്കുന്ന 'തൂഫാൻ' ലഹരിവിരുദ്ധ ജനകീയ ക്യാമ്പയിന് ഗ്ലോബൽ മലയാളി പെന്തെക്കോസ്തൽ മീഡിയ അസോസിയേഷൻ പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. ലഹരിക്കെതിരെയുള്ള ഈ പോരാട്ടത്തിൽ പെന്തെക്കോസ്തു സഭകളും നേതൃത്വവും സജീവമായി പങ്കാളികളാകണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം അസോസിയേഷൻ പാസാക്കി.

യുവതലമുറയെയും കുടുംബഭദ്രതയെയും തകർക്കുന്ന ലഹരിയെന്ന മഹാമാരിക്കെതിരെ നാടൊന്നാകെ പോരാടുമ്പോൾ, ആത്മീയ-സാമൂഹിക മേഖലകളിൽ സജീവമായ പെന്തെക്കോസ്തു സഭകൾക്ക് വലിയൊരു ഉത്തരവാദിത്തം നിർവഹിക്കാനുണ്ടെന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

ധാർമിക മൂല്യങ്ങളിലൂന്നിയ സമൂഹസൃഷ്ടിക്കായി നിലകൊള്ളുന്ന പ്രസ്ഥാനം എന്ന നിലയിൽ, ലഹരിയുടെ കെണിയിൽ പെട്ടുപോകുന്നവരെ വീണ്ടെടുക്കാനും വരുംതലമുറയെ കാത്തുസൂക്ഷിക്കാനും സഭകൾക്ക് ബാധ്യതയുണ്ട്.

സർക്കാരിന്റെ ഈ മാതൃകാപരമായ പദ്ധതിയുമായി കൈകോർത്തുക്കൊണ്ട് എല്ലാ പ്രാദേശിക സഭകളും ആത്മീയ നേതൃത്വങ്ങളും അതത് പ്രദേശങ്ങളിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വചനപ്രഘോഷണങ്ങൾക്കൊപ്പം ലഹരിവിരുദ്ധ സന്ദേശങ്ങൾ വിശ്വാസികളിലേക്കും പൊതുസമൂഹത്തിലേക്കും എത്തിക്കാനും, കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് സഭകളിൽ തുടക്കം കുറിക്കാനും സഭാഭാരവാഹികളും ദൈവദാസന്മാരും മുന്നിട്ടിറങ്ങണമെന്ന് യോഗം ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു.

അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. എക്സിക്യൂട്ടീവ് അംഗം ടോണി ഡി ചെവ്വൂക്കാരൻ പ്രമേയം അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ ആമുഖ പ്രഭാഷണം നടത്തി.

മുതിർന്ന മാധ്യമ പ്രവർത്തകൻ സി.വി. മാത്യു, പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ സാം റ്റി. മുഖത്തല, പാസ്റ്റർ ഡി. കുഞ്ഞുമോൻ, ഫിന്നി പി. മാത്യു, സജി മത്തായി കാതേട്ട്, ഡോ. സാം കണ്ണമ്പള്ളി, രാജൻ ആര്യപ്പള്ളി, ഷാജൻ ജോൺ ഇടയ്ക്കാട്, ചാക്കോ കെ. തോമസ്, പാസ്റ്റർ അനീഷ് കൊല്ലംകോട്, സാം കൊണ്ടാഴി, പാസ്റ്റർ പോൾ മാള എന്നിവർ പ്രസംഗിച്ചു.

GMPM

## ഗ്ലോബൽ മീഡിയ അവാർഡ്: രചനകൾ ക്ഷണിക്കുന്നു

കോട്ടയം: മലയാളി പെന്തെക്കോസ്ത് മാധ്യമപ്രവർത്തകരുടെയും എഴുത്തുകാരുടെയും ആഗോള കൂട്ടായ്മയായ ഗ്ലോബൽ മലയാളി പെന്തെക്കോസ്ത് മീഡിയ അസോസിയേഷൻ മികച്ച മാധ്യമ രചനകൾക്ക് അവാർഡ് നൽകുന്നു.

2025 വർഷത്തിൽ ക്രൈസ്തവ അച്ചടി മാധ്യമങ്ങളിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച ലേഖനം, ന്യൂസ് സ്റ്റോറി, ഫീച്ചർ/അഭിമുഖം എന്നീ വിഭാഗങ്ങളിലെ മികച്ച സൃഷ്ടികളാണ് അവാർഡിനായി പരിഗണിക്കുന്നത്. കൂടാതെ, ക്രൈസ്തവ ഓൺലൈൻ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച മികച്ച ഒരു മലയാളം രചനയ്ക്കും പ്രത്യേക അവാർഡ് ഉണ്ടായിരിക്കും.

രചനകൾ പിഡിഎഫ് ഫോർമാറ്റിൽ ഓഗസ്റ്റ് 20-ന് മുൻപായി shiburanni@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്.

ഗ്ലോബൽ മീഡിയ അസോസിയേഷൻ സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ അവാർഡ് ജേതാക്കൾക്ക് ഫലകം നൽകി ആദരിക്കുമെന്ന് അസോസിയേഷൻ പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസ്, ജനറൽ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ എന്നിവർ അറിയിച്ചു.